Reg. No. T. 213. വേ. പ്ര. മദ്ധ്യസ്ഥൻ.

വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൨) ഫൽഗുൻ സെപ്റ്റംബർ (ലക്കം ൯.

License No. 183.

മദ്ധ്യസ്ഥൻ.

പുസ്തകം ൨.] ഫൻവൻ സെപ്റ്റംബർ [ലക്കം ൩.

മംഗളം

മദ്ധ്യസ്ഥനെന്നമഹിതാശയ! നിന്നെറനാമ—
മത്യന്തമെന്നെറ മനതാർ മൃദുവാക്കിടുമ്പോഴും
ശ്രേയമായശ്രുഭഗാനമയന്നീടന്നു:—
നിത്യംജയിക്ക മഹി മംഗളദീപമേ! നീ.

(അഭ്യുദയ കാംക്ഷി)

അടുത്തമാസത്തിൽ!

ലാമാസത്തിൽ കത്തോലിക്കർ പ്രത്യേകമായി ആചരിച്ചുവരുന്ന ഒരു ഭക്ത കൃത്യമാണല്ലൊ ജപമാലയുടെ പ്രാർത്ഥന. ക്രിസ്തീയസഭയുടെ ആദിമ ശതാബ്ദങ്ങൾമുതല്ക്കുതന്നെ ജപമാലയുടെ ഉപയോഗം ആരംഭിച്ചിട്ടുള്ളതാണ്. വേദ പാരംഗതനും വിശുദ്ധനുമായ ഗ്രിഗരി നസ്സിയാൻസൻ, നാലാം ശതവഷ്ത്തിൽ പരിശുദ്ധ ദൈവ ജനനിയുടെ സ്തുതികളേയും മഹിമപ്രതാപങ്ങളേയും പുണ്യയോഗ്യതകളേയും പ്രകാശിപ്പിക്കുന്ന ജപങ്ങൾ ശേഖരിച്ചു ഒരു പുഷ്പമാലയുണ്ടാക്കിയതായി കാണുന്നു.

തദനന്തരം അഞ്ചാംശതാബ്ദത്തിൽ അയർലണ്ടിന്റെ മദ്ധ്യസ്ഥയായ ബ്രിജീത്താ പുണ്യവതി, വിവിധ ജപങ്ങളെവേർതിരിച്ചു കാണിക്കുവാനായി, പല വലിപ്പത്തിലുള്ള മണികൾ ചരടിൽ കോർത്തുകെട്ടി ഒരു പുഷ്പമാലയുടെ ആകൃതിയിലുള്ള കൊന്ത നടപ്പാക്കി. അദ്ദേഹം കന്യകാമഠങ്ങളിലും പിന്നീടു ക്രിസ്തീയ ലോകമൊട്ടുക്കും ഈ മാല പ്രചാര

ത്തിലായി. ഇങ്ങനെയാണു ജപമാലയുടെ ഉത്ഭവമെന്നു ഗിൽവാ എന്ന ചരിത്രകാരൻ അഭിപ്രായപ്പെടുന്നു.

ദേശാടന ചരിത്രകാരനായ മക്കോപോളൊ ക്രി.പി.൧൨൭൨ൽ മലങ്കര സന്ദർശിച്ച അവസരത്തിൽ ഇവിടത്തെ ഹിന്ദുക്കൾ ഒരു മാതിരി കൊന്ത ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ശൗയ്ർ ജപ്പാനിൽ ചെന്നപ്പോൾ, അവിടത്തെ ബുദ്ധമതസ്ഥർ കൊന്ത ഉപയോഗിച്ചു വന്നിരുന്നതായികണ്ടു. മഹമ്മദീയരും ജപമാലകൊണ്ട് പ്രാർത്ഥനകൾ ഉരുവിട്ടു വരുന്നതായി കാണുന്നു. 'രുദ്രാക്ഷമാല, പല ഹിന്തുക്കളും കണ്ണങ്ങളിൽ അണിയുന്നതായി നാംതന്നെ കാണുന്നുണ്ടല്ലൊ. ഇവരെല്ലാവരും ഒരേ ജപത്തെതന്നെ പലപ്രാവശ്യം ആവർത്തിച്ചു എത്തിക്കേണ്ടതായി വരുമ്പോൾ സംഖ്യ ക്ലിപ്തപ്പെടുത്തുവാനായിട്ടാണു കൊന്ത ഉപയോഗിച്ചു വരുന്നതു.

ക്രിസ്ത്യാനികളായനമ്മുടെഇടയിൽ പ്രധാനമായിട്ടു മൂന്നുമാതിരി ജപമാലയാണുനടപ്പിലുള്ളത്. ക്രമത്തേതാണ് ത്രൈഹികജപമാല. ആദ്യമായി വിശ്വാസപ്രമാണവും, "ആകാശങ്ങളിരിക്കുന്നതും" പത്തുനന്മനിറഞ്ഞമറിയവും കടശ്ശീ ഒരുത്രീത്വസ്തുതിയോവിശ്വാസപ്രമാണമോ ചൊല്ലി ഒടുവിൽ ഒരു ആകാശങ്ങളിലിരിക്കുന്ന എന്ന ജപവും എത്തിച്ചു അവസാനിപ്പിക്കുക. പത്തുമണിജപമാല എന്നും ഇതിനുപേരുണ്ട്. ഈ ജപമാല അഞ്ചുപ്രാവശ്യം ഇരട്ടിക്കുമ്പോൾവിശുദ്ധ ദൊമ്മിനിക്കോസിന്റെ ജപമാലയായി. ആറു പ്രാവശ്യം ഇരട്ടിച്ചാൽ വി. ബ്രിജീത്തായുടെ കൊന്തയാകും. ഈ വിധമാണ് മൂന്നു ജപമാലയുള്ളത്. വിശുദ്ധ ദൊമ്മിനിക്കോസിന്റെ ജപമാല മൂന്നുപ്രാവശ്യം ആവർത്തിക്കുമ്പോൾ നൂറമ്പത്തുമൂന്നുമണിജപമാലയായി. നമ്മുടെ വന്ദ്യ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് മലയാളത്തിൽ ഇദംപ്രഥമമായി പ്രചരിപ്പിച്ചിട്ടുള്ള "അനുഗ്രഹകൊന്ത" എന്ന ജപമാല പിന്നീടുണ്ടായിട്ടുള്ളതാണ്.

എല്ലാരാജ്യങ്ങളിലും നിത്യോപയോഗത്തിലിരിക്കുന്നതു വിശുദ്ധ ദൊമ്മിനിക്കോസിന്റെ അമ്പത്തുമൂന്നു മണികൊന്തയാണ്. ഈകൊന്തയുടെഉത്ഭവം നാം അനുസ്മരിക്കുമ്പോൾ,ജപമാലയുടെഭക്തിതീഷ്ണതയും പൂർവ്വം നാം ആചരിക്കേണ്ടതാണെന്ന് നമുക്ക് ബോദ്ധ്യമാകും.

പതിമൂന്നാം ശതാബ്ദത്തിൽ ഫ്രാൻസുരാജ്യത്തിന്റെ തെക്കേഭാഗത്തു, അൽബിജെൻസസ് എന്ന ഇടത്തുട്ടുകാർ, തിരുസഭയുടെ പ്രധാന തത്വോപദേശങ്ങളെ നിഷേധിക്കുകയുണ്ടായി. ഇവർ, മതസിദ്ധാന്തങ്ങളെ പ്രസംഗങ്ങൾ വഴിയായി എതിർക്കുക മാത്രമല്ല, പ്രവൃത്തികൾ മൂലം, ഉൻമൂലനം ചെയ്വാനും ശ്രമിച്ചു. അനേകായിരം പേർ കൂട്ടംകൂട്ടമായി ദേവാലയങ്ങളെ കവർച്ച ചെയ്കയും ദൈവികവസ്തുക്കളെ അപഹരിക്കുകയും ചെയ്തു. ഈദുർഘടാവസരത്തിൽ കത്തോലിക്കാ സഭയുടെ ആശ്വാസകരമായ ആയുധമായിട്ടു പരിണമിച്ചതു് ഈ ജപമാലയുടെ ഭക്തി ആയിരുന്നു.

ബോംബോൺ എന്ന വനത്തിൽ വച്ച് ദൈവ ജനനി വിശുദ്ധ ദൊമ്മിനിക്കോസിനു കാണപ്പെട്ടു. അമ്മയുടെ തിരുക്കരങ്ങളിൽ ദിവ്യഉണ്ണിയുമുണ്ടായിരുന്നു. ഒരു ജപമാല കൈയ്യിൽ പിടിച്ചുകൊണ്ടു കന്യക മറിയം പറഞ്ഞു!"ഒ! ദൊമ്മിനിക്കോസെ, നിന്റെ വേലയുടെ ഫലങ്ങൾ അനവധിയായിരിക്കും. എന്റെ പുത്രൻ ആത്മാവുകളുടെ രക്ഷയിൽ എത്രമാത്രം ഉൽസുകനാണെന്നു നിനക്ക് അറിയാമല്ലൊ.....ഈ ഭക്തി എന്റെ പ്രിയപുത്രനും എനിക്കും വളരെ ഇഷ്ടമുള്ളതാണ്. ഇടത്തുട്ടിനെ ധ്വംസനം ചെയ്യുന്നതിനു ഏറ്റവും ശക്തിയുള്ള ഒരായുധമാണിതു. തിന്മയെ ഇൻമൂലനം ചെയ്യുവാനും, പുണ്യാഭ്യാസങ്ങളെ പ്രചരിപ്പിക്കുവാനും, ദൈവകാരുണ്യം ലഭിക്കുവാനും എന്റെ സഹായാദരങ്ങളെ സമ്പാദിക്കുവാനും ജപമാലഭക്തി ഏറ്റവും പറ്റിയ ഒരുപകരണമാണെന്നു എല്ലാവരും അറിഞ്ഞുകൊള്ളട്ടെ!,, ഏതാണ്ടിപ്രകാരമായിരുന്നു വിശുദ്ധ ദൊമ്മിനിക്കോസിനു പരിശുദ്ധ ദൈവജനനിയിൽനിന്നു ലഭിച്ച ദൈത്യം.

വിശുദ്ധൻ ഈ ജപമാലഭക്തി ഉടനെതന്നെ പ്രചാരത്തിൽ വരുത്തുകയും, ഒരു ലക്ഷം ഇടത്തുട്ടുകാരെ മാനസാന്തരപ്പെടുത്തുകയുമുണ്ടായി.

നമ്മുടെ രാജ്യത്ത് ക്രിസ്തീയ കുടുംബങ്ങളിൽ ജപമാലഭക്തി പ്രചാരത്തിൽ തന്നെയാണിരിക്കുന്നതെന്ന് കാണുന്നതിൽ സന്തോഷിക്കേണ്ടതുണ്ട്. തിരുസഭയുടെ ദണ്ഡവിമോചന ഭണ്ഡാഗാരം, ജപമാലയുടെ വിഷയത്തിൽ പൂർണ്ണമായി തുറന്നിട്ടിരിക്കുന്നു എന്നുതന്നെ പറയാം. ഈ ജപമാല വഴിയായി ദിനംപ്രതി നമുക്ക് പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. ഇതിലേക്ക് വിശുദ്ധ കുർബാനയുടെ സന്നിധിയിൽ (പരസ്യമായ എഴുന്നള്ളിച്ചു വച്ചിരിക്കണമെന്നില്ല.) തനിച്ചോ കൂട്ടമായോ ജപമാല എത്തിച്ചാൽ മാത്രം മതിയാകുന്നതാണ്. ദണ്ഡവിമോചനം പ്രാപിക്കുന്നതിന് പതിവിൻപ്രകാരമുള്ള വി. കുർബാനയുടെ സ്വീകരണം ആവശ്യം തന്നെ.മറ്റു വിധത്തിൽ ജപമാല എത്തിക്കുമ്പോഴും അനവധി ദണ്ഡവിമോചനങ്ങൾ നമുക്ക് പ്രാപിക്കാവുന്നതാകുന്നു. പ്രസ്തുത ദണ്ഡവിമോചനങ്ങൾക്കു പുറമെ, ജപമാലസഖ്യത്തിൽ—അഥവാ കൊന്തസഭയിൽ— ചേർന്നിട്ടുള്ളവർക്ക് വി. ദൊമ്മിനീക്കോസിന്റെ സഭയിലെ സന്യാസികളും സന്യാസിനികളും ചെയ്യുന്ന സൽപ്രവൃത്തികളുടെ ഫലാംശങ്ങളും ലഭിക്കുന്നതാണ്. ഏതാദൃശ കാരണങ്ങളാൽ ഇനിയും കൊന്തസഭയിൽ ചേർന്നിട്ടില്ലാത്തവർ അതിൽ ചേർന്ന് ഈ അനുഗ്രഹങ്ങൾക്ക് ഓഹരിക്കാരായിതീരാൻശ്രമിക്കേണ്ടതാകുന്നു.

ഇതുപോലെ തന്നെ നമുക്കും ജപമാലഭക്തിപൂർവ്വം ഏർപ്പെട്ട് ഇടത്തുട്ടുകാരെ മാനസാന്തരപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

തന്നിമിത്തം അടുത്തമാസത്തിൽ നിവൃത്തിയുള്ള എല്ലാ വിശ്വാസികളും കൂട്ടമായി കൊന്ത എത്തിക്കുവാൻ ഉത്സാഹിക്കേണ്ടതാണ്. ഫ്രാൻസിൽ പതിനൊന്നാം ശതവർഷത്തിൽ ഉത്ഭൂതമായ ഇടത്തുട്ടപോലെതന്നെ, പരിതാപകരമണം നമ്മുടെ ദേശത്തും ശക്തിമത്തായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലൊ ഇത്. മാരാമണ്ണു, അയിരൂർ, തിരുവല്ലാ മുതലായ പ്രദേശങ്ങളിൽ മാനസാന്തരവൃത്തി സമാരംഭിച്ചതിനോടെ, അവിടങ്ങളിലെല്ലാം ശക്തിയായ "എതിർപ്പു" നാം അനുഭവിക്കുന്നുണ്ട്. നമ്മുടെ ഭിന്നസഹോദരന്മാരുടെ അന്ധകാരമയങ്ങളായ നേത്രങ്ങൾ തുറക്കപ്പെട്ടു സത്യസഭാ മാതാവിനെ ആശ്ലേഷിക്കുവാൻ നമ്മുടെ അമ്മയുടേയും തിരുക്കുമാരന്റെയും പ്രത്യേക മാധ്യസ്ഥം അത്യന്താപേക്ഷിതമാണ്. നമ്മുടെ കർത്താവിന്റെ രാജ്യം അഭിവൃദ്ധിപ്പെടേണമെന്നുള്ളതാണല്ലൊ നമ്മുടെ വന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ മുദ്രാവാക്യം. ഈ വാക്യാനുസരണം, 'വേദപ്രചാരണം' അജ്ഞാനികളുടേയും അകത്തോലിക്ക ക്രിസ്ത്യാനികളുടേയും ഇടയിൽ ത്വരിതപ്രായമാകുവാൻ ജപമാല ഭക്തിയേക്കാൾ ഫലപ്രദമായ മറ്റൊരായുധമില്ലെന്നതുതന്നെ പറയാം.

ഏതുനിമിത്തം കേരളീയ കത്തോലിക്കരേവരും അടുത്ത തുലാമാസത്തിൽ ജപമാല ഭക്തിപൂർവ്വം തീക്ഷ്ണതയോടു കൂടെ എത്തിക്കുകയും, പുതുക്രിസ്ത്യാനികളുടെ നിലനില്പിനും, അജ്ഞാനികളുടെ മാനസാന്തരത്തിനും, ഭിന്നസഹോദരന്മാരുടെ പുനരാഗമനത്തിനും, വിശ്വാസികളുടെ സ്ഥിരതയ്ക്കും, നിരീശ്വരചിന്തകന്മാരുടെ വിശ്വാസപ്രാപ്തിയ്ക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും, പരിശുദ്ധ കർബ്ബാനയുടെ പരസ്യാരാധന നടത്തുവാൻ പൂർവ്വാധികം ഉത്സാഹിക്കുകയും ചെയ്യേണ്ടതാണെന്നു ഞങ്ങൾ പ്രത്യേകം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

പ്രത്യേക വിജ്ഞാപനം.

വിശുദ്ധ ശെമ്മ്യോൻ പുണ്യവാന്റെ ജീവചരിത്രം

ദിവ്യ ശ്രീ മറവത്തിൽ കുഞ്ഞൻ കത്തനാർ രചിച്ചത്.

വളരെ വലിയ ചിത്രങ്ങളുള്ളതും നല്ല മേനിക്കടലാസിൽ, റോയൽ സൈസ്സിൽ ഭംഗിയായി അച്ചടിക്കപ്പെട്ടിട്ടുള്ളതും. കുറെപ്രതികളെ ബാക്കിയുള്ളു. വേഗം അപേക്ഷിക്കുക. വില അണ 8 മാത്രം.

മാനേജർ, മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ,
മാന്നാനം പോസ്റ്റ്.

പ്രസാധകക്കുറിപ്പുകൾ.

താഴമൺ കുടുംബചിത്രം.

കുറവിലങ്ങാട്ട പകലോമറ്റം കുടുംബത്തിലെ പനങ്കുഴഎന്ന വീട്ടിൽ നിന്നും ഒരാൾ പതിനേഴാം ശതവർഷത്തിൽ, ഭാര്യയോടും പുത്രനോടും കൂടി പുറപ്പെട്ട് അയിരൂർ എന്ന ദേശത്തു താമസമുറപ്പിച്ചു. അയിരൂരിൽ പറഞ്ഞുവരുന്ന പേരാണ താഴമൺ. ഈ കുടുംബം വർദ്ധിച്ച് ഇപ്പോൾ അയിരൂരിൽ ഉദ്ദേശം ൨൦൦ ഓളംഭവനങ്ങൾഉണ്ടെന്നുകാണുന്നു. താഴമൺകുടുംബനാഥൻ,കുറവിലങ്ങാട്ട വിട്ടുവരുണ്ടായകാരണത്തെപ്പറ്റികുടുംബചരിത്രപുസ്തകത്തിന്റെ അവതാരികയിൽതാഴമൺ സുപ്രസിദ്ധചരിത്രകാരൻ റവ. ഫാദർബോർണെർഡ് ഇങ്ങനെ പറയുന്നു:—"൧൭൭൯ ജനുവരിമാസം൨൪-മലങ്കരസഭയിൽ ക്രമംതെറ്റിയ സത്യം മൂലംവലിയ ഒരുശീശ്മ ഉത്ഭവിക്കയും ടി. അണ്ടമെയ് ൨൨-൹ പട്ടക്കാർക്കുടി അതുകുറവിലങ്ങാട്ടപള്ളിയിൽ വച്ച് തോമാമെത്രാൻ അർക്കദ്യാക്കോനെ, മെത്രാനെന്ന് പേർ വിളിച്ച് അഭിഷേകംചെയ്കയും ഇതു മാപ്പിളപ്രായുടെ അനുമതിയോടുകൂടിയാണ് നടത്തിയതെന്ന പറയുന്നു പേരിൽ ഒരാളായ ഇട്ടിത്തൊമ്മൻ കത്തനാർ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിന്റെ സാധുതയേപ്പറ്റി പലരിലും സംശയം അങ്കുരിച്ചതിനാൽ കായ്മെല്ലാം റോമാസിംഹാസനത്തെ ബോദ്ധ്യപ്പെടുത്തുകയും തൽഫലമായിഫ്രാങ്കോ-ൽ കർമ്മലീത്തർ കേരളത്തിൽ വരികയുമുണ്ടായി. അന്നു മുതൽ പഴയക്കൂർ, പുത്തൻക്കൂർ എന്നിങ്ങനെ രണ്ടു വിഭാഗം സുറിയാനിക്കാരുടെ ഇടയിലുണ്ടാവുകയും പ്രസ്തുതഭിന്നത ക്രമശഃ പ്രബലപ്പെടുകയുംചെയ്തു. ഈ വിഭാഗത്തിലാണ താഴമൺ കുടുംബക്കാർ കുറവിലങ്ങാട്ടു നിന്നു പുറപ്പെട്ടുവാനിടയായത്. ഡച്ചുകാർ കൊച്ചിക്കോട്ടയെ പിടിച്ചയുടനെ കർമ്മലീത്തർ മലയാളം വിട്ടു പോകേണ്ടതായി വന്നുകൂടി. പ്രസ്തുത ഘട്ടത്തിൽ കുറവിലങ്ങാട്ട പള്ളിവികാരി അഥവാ പനങ്കുഴെ എന്നുപറയുന്ന കുടുംബത്തിലെ ഒരംഗവും അന്നു കുറവിലങ്ങാട്ട പള്ളിയുടെ വികാരിയുമായിരുന്ന ചാണ്ടിക്കത്തനാരെ കർമ്മലീത്താ മെത്രാനും പാപ്പായുടെ പ്രതിനിധിയുമായിരുന്ന ജോസഫ് സെബസ്ത്യാനി എന്നദ്ദേഹം മെത്രാനായി അഭിഷേകംചെയ്തു. അഭിഷേകകർമ്മം നടന്നതു ൧൭൭൯ ജനുവരി ൩൧-൹ കുടമുരുട്ടി വലിയ പള്ളിയിൽ വച്ചാണ്. അർക്കദ്യാക്കോൻ ഈ കുടുംബത്തിലെ ഒരംഗമായിരുന്നതിനാലായി

രിക്കണം പ്രസ്തുതാഭിഷേകം കുറവിലങ്ങാട്ടുവച്ചു നടത്താതിരുന്നതു്. അയിടയ്ക്കു ഇട്ടിത്തൊമ്മൻ കത്തനാരുംഅക്കൂട്ടരുമായുണ്ടായിരുന്ന കലഹമുണ്ടാകയും അതിൽവച്ചു പല കലാപങ്ങൾക്കു ഇടയാകയും ചെയ്തിട്ടുണ്ട്. അതുനടന്നതു കുറവിലങ്ങാട്ടായിരിക്കണം. ഇതായിരിക്കണം താഴമൺ കുടുംബവിതാവു് അയിരൂർ ദേശത്തു വരാനുണ്ടായകാരണം—ഇതിലേയ്ക്കു ഈ കുടുംബക്കാരുടെ ഇടയിൽ ഐതിഹ്യവുമുണ്ടു്".

ശ്രീമാൻ കുറുന്തോട്ടത്തിൽ ചെറിയാൻമാപ്പിള അവർകൾ ഫ്രൻ-ടന്നു—ൽ എഴുതിഅച്ചടിപ്പിച്ചിട്ടുള്ളതും ൨൦൦ പക്ഷങ്ങളുള്ളതുമായ"താഴമൺ കുടുംബചരിത്രു"ത്തിന്റെ ഒരുപ്രതിഅദ്ദേഹം അഭിപ്രായത്തിനായി അയച്ചതു നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. മി. മാപ്പിള, മി. കെ. എൻ. ഡാനിയേൽഅവർകളുടെ അടുത്തചാച്ചുക്കാരനും ഒരുമത്തൊമ്മാക്കാരനുമാണ്. പ്രസ്തുതപുസ്തകം ഇതിനു മുമ്പു തന്നെ ഞങ്ങൾ വായിച്ചിട്ടുള്ളതും, "നസ്രാണിദീപിക"യിലെ "ഞങ്ങളുടെ മിഷ്യൻ യാത്ര" എന്നലേഖന പരമ്പരയിൽ, അതിൽനിന്നും ഏതാനും ഭാഗങ്ങൾ ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ളതുമാകുന്നു. അന്നു മിസ്റ്റർ ചെറിയാൻ മാപ്പിള, കത്തോലിക്കാ സഭാമാതാവിന്റെ ഒരു സന്താനമല്ലായിരുന്നു. ഇന്നാകട്ടെ ഇദ്ദേഹം അയിരൂർ കത്തോലിക്കാമിഷ്യനിലെ ഒരു പ്രധാനാംഗവും മാനസ്സാന്തര വൃത്തിയിൽ അക്ഷീണ യത്നംചെയ്യുന്ന ഒരു വീരയോദ്ധാവുമാണ്. കാലത്തിന്റെ പരിണാമം എന്തെല്ലാം പരിവർത്തനങ്ങളാണ ഉല്പാദിപ്പിക്കുകയില്ലാത്തതു്! അന്നുഞങ്ങൾ ഒരു അകത്തോലിക്കന്റെ പുസ്തകത്തിൽ നിന്നുംഉദ്ധരിച്ചു. ഇന്നാകട്ടെ ഒരു കത്തോലിക്കന്റെ പുസ്തകത്തെപ്പറ്റി അഭിപ്രായം പറയുന്നു. പുസ്തകം ഒന്നുതന്നെ. ഗ്രന്ഥകാരനും ഒരാൾതന്നെ. പക്ഷെ അന്നു് അദ്ദേഹം ഒരു അകത്തോലിക്കൻ, ഇന്നോ കത്തോലിക്കൻ, അത്രയേ ഉള്ളു. ഒരുകത്തോലിക്കചരിത്രകാരന്റെ ദൃഷ്ടിയിൽ ആക്ഷേപകരങ്ങളായ ചിലഭാഗങ്ങൾ പ്രസ്തുത പുസ്തകത്തിലുണ്ടെങ്കിലും, സാമാന്യം പറഞ്ഞാൽ, ഉദ്ദേശശുദ്ധിയോടും, നല്ലഭാഷയിലും, രസകരമായ രീതിയിലുമാണ പ്രസ്തുത പുസ്തകം രചിക്കപ്പെട്ടിട്ടുള്ളതെന്നു അഭിപ്രായപ്പെടാം.

ഒരു രൂപാവിലയുള്ള ഈ പുസ്തകം ഗ്രന്ഥകർത്താവിൽ നിന്നുകിട്ടുന്നതാണു്. അഞ്ചൽ, അയിരൂർ.


സുവിശേഷ പ്രകാശികാവലി.

'പാപ്പായുടെ അധിപത്യം, എന്നപേരിൽ മി. കെ. എൻ. ഡാനിയേൽ എഴുതി പ്രസിദ്ധപ്പെടുത്തിയ കൃതിയിലെ ഏതാനും ഭാഗങ്ങളേപ്പറ്റി ദിവ്യശ്രീ മറ്റത്തിൽ കുഴ്വൻകത്തനാർ മാത്തൊമ്മാക്കാരുടെ പ

രുമായ "നവഭാരതിയെല്ലും" വിന്നിട്ട "കേരളസന്ദേശ"ത്തിലും പ്രസിദ്ധപ്പെട്ടുത്തിയിരുന്ന ലേഖനങ്ങളും അവസ്സാ മി. ഡാനിയേൽ എഴുതിയ മറുപടികളും, അവസ്സാ ഫാദർ മാറം പറഞ്ഞ പ്രത്യുത്തരങ്ങളും, മി. ഡാനിയേലിനോടുള്ള 12 ചോദ്യങ്ങളും കൂട്ടിച്ചേർത്ത് റവ. ഫാദർഡൊമിനിക്ക തോട്ടാശേരി. എ. എ; എൽ റ്റി. സുവിശേഷപ്രകാശികാവല്ലി 2-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു ഒരുകൃതിയാണ് "ഒരു വഞ്ചിയോ പല വഞ്ചിയോ?" പ്രസ്തുതപുസ്തകത്തിന്റെ വില അണ. പതിനാറാണ്. മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോവിൽ കിട്ടുകയും ചെയ്യും.

ഈ മാസത്തിൽ തിരുഹൃദയ സഭക്കാർ വയ്ക്കേണ്ട

പൊതുനിയോഗം.



സെയിന്റ് വിൻസെന്റ്

ഡിപോൾസ്വയ്യം.

ന്യൂവാനായ പ്രഡറിക്ക് ഒസ്സനാം എന്ന യുവാവിനാൽ 1833-ൽ പാരിസിൽ ഏർപ്പെടുത്തപ്പെട്ട പ്രസ്തുത സ്വയ്ത്തിന്റെ ഇപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലായി പന്തിരായിരം ശാഖകളും ഒരു ലക്ഷത്തി എണ്പതിനായിരം അംഗങ്ങളുമുണ്ട്. പരസ്നേഹത്തെ അടിസ്ഥാനമാക്കി ആത്മീകവുംശാ

രീരികവുമായ സകല നന്മകളും ചെയ്യുക എന്നുള്ളതാണ് ഈ സഖ്യത്തിന്റെ പ്രധാനോദ്ദേശ്യം. രോഗികളേയും ദാരിദ്ര്യദുഃഖ പീഡിതരേയും അവരവരുടെ വാസസ്ഥലങ്ങളിൽ ചെന്നുകണ്ട് അവക്ക് ഔദാര്യപൂർവ്വമായ നന്മകൾ ചെയ്യുകയും പിന്നീട് അവക്ക് ജീവിത നൈർമ്മല്യം വരുത്തുവാനുള്ള മാർഗ്ഗം നിർദ്ദേശം ചെയ്യുകയുമാണ് സഖ്യാംഗങ്ങളുടെ പ്രധാന വൃത്തി. സഖ്യാംഗങ്ങൾ സപ്രകടമാക്കേണ്ട തീണ്ണതാപൂർവ്വം അനുവർത്തിക്കുവാനും സഖ്യം പൂർവ്വാധികം പ്രചരിക്കുവാനും തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണമെന്നാണ് നമ്മുടെ പരിശുദ്ധ പിതാവ് കരുണാപൂർവ്വം നമ്മോടുപദേശിക്കുന്നത്.

പ്രഥമിക് ഒസ്സാനാമിന്റെ സവിസ്തരമായ ജീവചരിത്രവും, സഖ്യത്തിന്റെ വിവരണവും അടങ്ങിയതും, 100=ഓളം പക്ഷങ്ങളുള്ളതും നല്ല മേനിക്കടലാസിൽ മുദ്രണം ചെയ്തിട്ടുള്ളതും പടങ്ങളോടുകൂടിയതുമായ ഒരു പുസ്തകം 7 ണ. വിലയ്ക്ക് "മദ്ധ്യസ്ഥൻ" ആപ്പീസിൽ വിലുണ്ടായിരിക്കുന്നതാണ്. വിവരവും അറിയിച്ചുകൊള്ളുന്നു.

പ്രത്യേക നിയോഗം

ഈ മാസത്തിലെ പ്രത്യേക നിയോഗം നമ്മുടെ ഭാരത രാജ്യത്തിലെ ഹിന്ദുക്കൾക്കും മഹമ്മദീയർക്കും വേണ്ടിയാണ്. ഇന്ത്യയിലെ രണ്ടു പ്രധാനപ്പെട്ട ജനസമുദായാംഗങ്ങളാണല്ലോ ഇവർ. മുപ്പതിൽപരം കോടി ജനങ്ങളാണ് ഇന്നു ഇന്ത്യയെ അധിവസിക്കുന്നതു. ഭൂലോകജനസമൂഹത്തിൽ അഞ്ചിലൊരു ഭാഗം വരുന്ന ഈ വമ്പിച്ച ജനക്കൂട്ടത്തിൽ, കത്തോലിക്കരുടെ സ്ഥാനം അറിയുമ്പോളാണ്, നാം ദുഃഖപരവശന്മാരാകുന്നതു. മുപ്പത്തിരണ്ടു കോടി ജനങ്ങളുടെ, ഇടയിൽമുപ്പത്തിരണ്ടു ലക്ഷമെന്താണ്?. മണത്തിട്ടയിലെ കോടാകോടി മണൽതരികളിൽഒന്നു! വിയന്മണ്ഡലത്തിലെതാരഗണങ്ങളിൽഒന്നു! അത്രയേയുള്ളു!

ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരാൾ തന്നെഭാരതത്തിൽ, സുവിശേഷം പ്രസംഗിക്കുകയും ആട്ടേഹത്തിന്റെരക്തം ഭാരതത്തിനുവേണ്ടി ദത്തമാവുകയുംചെയ്തല്ലൊ. എന്നിട്ടും! ഹാ എന്നിട്ടും!!എന്ത്? മിശിഹായുടെരാജ്യഭരണംഭാരതത്തെസംബന്ധിച്ചേടത്തോളം ഇത്ര, ഇത്ര, വിദൂരസ്ഥിതമാണോയെന്നുകണ്ടു, മാപ്പാപ്പാതിരുമനസ്സുകൊണ്ടു ദുഃഖിച്ചു ഭാരതീയകത്തോലിക്കരായനമ്മോടുമാത്രമല്ല, ഭൂലോകമൊട്ടുക്കുള്ള കത്തോലിക്കസന്താനങ്ങളോടു് "ഭാരതത്തിന്റെമാനസാന്തരത്തിനുവേണ്ടിപ്രത്യേകം പ്രാർത്ഥിക്കുവാൻ ഉപദേശിക്കുന്നു. ഈ ഉപദേശത്തെ നാമേവരും ശിരസ്സാ വഹിച്ചുജ്ജ്വലതയോടും ഭക്തിതൈക്ഷ്ണ്യത്തോടുംകൂടി പ്രാർത്ഥിക്കേണ്ടതല്ലയോ! വേദപ്രചാരണമദ്ധ്യസ്ഥന്റെമുദ്രാവാക്യമാണിന്നു. മദ്ധ്യസ്ഥൻ വായനക്കാരേവരും ഈ ഉദ്ദേശാനുസരണംപ്രവർത്തിക്കുമെന്നതിനെതങ്ങൾപ്രതീക്ഷിക്കുന്നു. ഭാരതത്തിൽനമ്മുടെകത്താവിന്റെരാജ്യം സുവ്യക്തസംസ്ഥാപിതമാകട്ടെ! കർത്താവിന്റെ തിരുഹൃദയത്തിലെ അഗ്നിഭക്തന്മാരുടെഹൃദയത്തിൽകത്തിജ്ജ്വലിക്കട്ടെ. ആ അഗ്നിഅജ്ഞാനികളുടേയും മഹമ്മദീയരുടേയും ഹൃദയങ്ങളിലുംപ്രോജ്ജ്വലിക്കുമാറാകട്ടെ!

കത്തോലിക്കരും വേദപുസ്തകവും.

എം. വൈ. മാണി, ഭരണങ്ങാനം

വേദപുസ്തകത്തിന്റെ നേരേ അനാദരവോടെയാണ് കത്തോലിക്കർ പെരുമാറുന്നതെന്നും അതിനെ ലോകത്തിൽ നിന്ന് നിർമൂലമാക്കുന്നതിനുപോലും, അവർ അശ്രാന്തമായി പരിശ്രമിക്കുന്നുവെന്നും മറ്റും കത്തോലിക്കാ മതവൈരികളായ പ്രോട്ടസ്റ്റന്റുകാരാദിയായവർ പലപ്പോഴും അപവാദപ്രചരണം നടത്തിവരുന്നുണ്ട്. ഇതിനൊരുദാഹരണമാകുന്നു, കുറെമുമ്പ് മദ്രാസിൽ നിന്ന് ചാൾസ് അമോസ് എന്നൊരാൾ പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുപത്രിക. പ്രസ്തുത പ്രബന്ധം കേരളത്തിൽപല സ്ഥലങ്ങളിലും പ്രചരിച്ചുവരുന്നതായി കാണുന്നു. അതിൽ പ്രത്യേകിച്ച് ഒന്നാം ഭാഗത്തിലെ— ചിലഭാഗങ്ങൾ, ചരിത്ര സംബന്ധമായി അയാൾക്കുള്ള അജ്ഞതയുടെയും കത്തോലിക്കാ സഭയോടുള്ള ബദ്ധവൈരത്തിന്റെയും ഉത്തമോദാഹരണങ്ങളാകയാൽ അവയെ ആദ്യമായി ഉദ്ധരിക്കുന്നു:=

പേജ് ൪. "മഹാനഗരീകരണം, റോമാ സഭയുടെ ലോഹബാഹുക്കളിൽ നിന്നും ദൈവലിഖിതങ്ങളെ ബലാൽ കരസ്ഥമാക്കുകയും അതിന്റെ ദീപ്തിയെ നശിച്ചുകൊണ്ടിരുന്ന ലോകത്തിൽ വ്യാപിപ്പിക്കുകയും ചെയ്തു. മനുഷ്യരുടെ ഇടയിൽ ഈശ്വര ലിഖിതങ്ങളെപ്പറ്റിയുള്ള അറിവ് പ്രചരിക്കാൻ ആരംഭിച്ചപ്പോൾ, അദ്ദേഹത്തിന്റെ "വ്യാജസഭ"മനുഷ്യശാസ്ത്രം, കണ്ടുപിടിത്തശക്തി, ബുദ്ധിസാമർത്ഥ്യം, ധൈര്യത്വം ഇവയ്ക്കു ഉണ്ടാകാവുന്ന എല്ലാത്തരത്തിലുമുള്ള നാശങ്ങൾ,ലോകത്തിൽ നിന്ന് വേദപുസ്തകത്തെ നിർമൂലമാക്കുന്നതിനായി കൊണ്ടുവന്നുവെന്നുള്ള വസ്തുതയിൽ നിന്നും സാത്താന് ഈ താഡനം എത്ര ഭയങ്കരമായിരുന്നുവെന്ന മനസ്സിലാക്കാവുന്നതാണ്."

പേജ് ൫൩. "ആ സഭയിലെ എഴുത്തുകാർ (റോമാസഭയിലെ) ജനങ്ങളുടെ മനസ്സിനെക്ഷോഭിപ്പിക്കുവാൻ അഗ്രഹിക്കുകയും ഈശ്വരലിഖിതങ്ങളെ എത്രചിലവിലും അക്ഷേപിക്കുകയും ദോഷാരോപണംചെയ്യുകയും ചെയ്യുന്നു."

പുറം നമ്പ. "നശിച്ചു പോകുന്ന മനുഷ്യരുടെ ആത്മാവുകളിൽ നിന്നും ഈശപ്രോക്തികളുടെ പ്രകാശത്തെ തടയുന്നതാണ് ഉദ്ദേശ്യമെങ്കിൽ ഒരു റോമൻ കത്തോലിക്ക വൈദികാധികാരിക്കോ ഉപദേഷ്ടാവിനോ ചെയ്യാവുന്നതായി ഇതിനേക്കാൾ പാപകരമായ വഞ്ചനയോ, അധമമായ ദാംഭികത്വമോ, മഹത്തരമായ സ്വയം ബലിയോ ഇല്ല."

പേജ് രണ്ട്.(വേദപുസ്തകത്തിന്റെ) "തർജ്ജമകളോടുകൂടി...ഞെരുക്കങ്ങളും ആരംഭിച്ചു. വേദപുസ്തകം വിവർത്തനം ചെയ്യുന്നതു മരണശിക്ഷായോഗ്യമായ ഒരു കുറ്റമാണെന്നും തങ്ങളുടെ മാതൃഭാഷയിൽ വിശുദ്ധ ലിഖിതങ്ങളെ വായിക്കുന്നവരും അവരുടെ അവകാശികളും ജീവനേയും വസ്തുക്കളേയും മാടുകളേയും മറ്റെല്ലാ സാധനങ്ങളേയും പിഴയായി കൊടുക്കണമെന്നും ഒരു നിയമം പാസ്സാക്കി."

പേജ് രണ്ട്. "റോമാസഭയുടെ ഏകോദ്ദേശ്യം മനുഷ്യ ദൃഷ്ടിയിൽ നിന്നും ദൈവലിഖിതങ്ങളെ സദാ മറച്ചുവയ്ക്കണമെന്നുള്ളതാണ്. ദൈവത്തിന്റെ നേരിട്ടുള്ള നോട്ടത്താൽ നിന്ദ്യതമവും പാപകരവുമായ ഈ ഉദ്യമത്തിൽ അവൾ പരാജിതയായതു മുതല്ലാ അവളുടെ ഏകോദ്ദേശ്യം ലിഖിതങ്ങൾ അവാസ്തവവും അസ്പഷ്ടവും അനൈസർഗ്ഗികവും മറ്റും പറഞ്ഞു ദോഷാരോപണം ചെയ്യുകയും അവിശ്വസിപ്പിക്കുകയും ആണ്."

പേജ് ഒമ്പ. "റോമൻ കത്തോലിക്ക സഭാധികാരികൾക്ക് ഈശപ്രലിഖിതങ്ങളുടെ നേർക്കുള്ള നിലയും അവർ അതിന്റെ നേരേ പ്രയോഗിച്ച തന്ത്രങ്ങളും സുവ്യക്തമായ സാത്താന്റെ തിനു സമമാണ്."

മേൽപ്രസ്താവിതങ്ങളായ അഭിപ്രായങ്ങൾ എത്രമാത്രം സ്വീകാര്യയോഗ്യങ്ങളാണെന്നു അടുത്തതായി ആരായുകതന്നെ ചെയ്യാം. വേദപുസ്തകം ഇടംപ്രഥമമായി ഭാഷാന്തരം ചെയ്തത് സ്വീകരണക്കാരല്ലായെന്നവസ്തുത വായനക്കാർ ആദ്യമായി അറിഞ്ഞിരിക്കേണ്ടതാണ്. കത്തോലിക്കരുടെ സാക്ഷ്യം ഈസന്ദർഭത്തിൽ അരുചികരവും അനുചിതവുമായിരിക്കുമെന്ന് വിചാരിച്ച് പ്രോട്ടസ്റ്റന്റ് സാക്ഷ്യങ്ങളെത്തന്നെ ഒന്നാമതായിഉദ്ധരിക്കാം. ചുച്ച് ടൈംസ്(ക്രുവ്വെജ്ജലൈ്വന്സ)എന്നപത്രികപറയുന്നു.—(ക്രുവ്വൈ-ൽ ദക്ഷിണകൈനിംഗ് സ്റ്റണ്ണിൽവച്ച് നടത്തിയകാക്സ്റ്റൺ പ്രദർശനത്തിലെ)"വേദപുസ്തകങ്ങളുടെ പട്ടിക, ക്രിസ്തോട്ടത്തു എർഫർട്ട് (Erfurt) എന്നസ്ഥലത്തുവച്ച് ലൂത്തർ ഇടംപ്രഥമമായി വേദപുസ്തകം കാണുകയുണ്ടായി എന്ന പ്രമുഖ പ്രചാരമുള്ള തുണ്ട്. തെറ്റാണെന്ന് തെളിയിക്കാൻ ഏതുവിധേനയും ഉപയോഗപ്രദമാണ്. ലൂത്തർ കണ്ടുപിടിച്ചുവെന്നു പറയുന്നതായ ലത്തീൻ ബൈബിളിന്റെ (Latin Vulgate) അനവധിപതിപ്പുകൾ അന്നുണ്ടായിരുന്നുവെന്നുമാത്രമല്ല, ലൂത്തരുടെ ജനനവർഷമായ ക്രിസ്തുവർഷം മുമ്പായിത്തന്നെ അച്ചടിച്ച ഒമ്പതു ജർമ്മൻ പതിപ്പുകളും ആശയാബ്ദത്തിന്റെ അവസാനത്തിനു മുമ്പായികുറഞ്ഞപക്ഷം മൂന്നുപതിപ്പുകൾ കൂടിയും ഉണ്ടായിരുന്നു." (തുടരും)

വിനയത്തിന്റെ

മാധുര്യവും ആനന്ദവും.

(ശ്രീമതി, കേ. എ. എലി.)

(തർജ്ജമ)

ലൗകായുഷ്കങ്ങളിലും നിരന്തരവും ഉദാരവുംആയ ആത്മത്യാഗവും യഥാർത്ഥഎളിമയും കൂടാതെ വാസ്തവമായ പുണ്യംഇല്ല. എന്നാൽ ക്രിസ്തുകളാൽ നിറഞ്ഞ ഒരു ജീവിതത്തെവൈരസമെന്നെ പ്രതീക്ഷിക്കുവാൻനമുക്കു കഴിയുമോ? എല്ലാസംഗതികളിലും നമ്മുടെ സ്വാഭാവിക ചാച്ചിലുകളെ എതിർക്കണമെന്നാണോ നിങ്ങ പറയുന്നതു്. അത്യാവശ്യമല്ലാത്ത സകല സംതൃപ്തികളിൽനിന്ന് പഞ്ചേന്ദ്രിയങ്ങളെ പിൻവലിക്കയും മനുഷ്യബഹുമതികളെ തേടാതെയും അവരുടെ പ്രശംസകളെയോ, നിന്ദകളെയോ വക വെക്കാതെയും ഇരിക്കേണ്ടതോ? ഏകാന്തത്തിലും മൌനത്തിലും ജീവിക്കണമോ? ഇതുവളരെ സന്തോഷ വിഹീനമായ ഒരു ഏർപ്പാട് അല്ലയോ? എന്നിട്ടും ഇങ്ങനെ ജീവിക്കുന്നവർഎല്ലാം അവർ പൂർണ്ണസന്തുഷ്ടർ ആണെന്നുപ്രസ്താവിക്കയുംചെയ്യുന്നു. ഈ മാതിരിജീവിതം ദുസ്സഹമാണെന്നു ലോകം ഘോഷിക്കുന്നു. എന്നാൽ ഇതു് സന്തോഷാശ്വാസ സംപൂരിതവും ആനന്ദപ്രദവും ആണെന്ന് ഈശോമിശിഹാതന്നെ നമ്മോടു പറയുന്നു. വിശുദ്ധ ഫ്രാൻസിസു സാലെസ് ഇതിനെ മാധുര്യങ്ങളുടെ മാധുര്യം എന്നുവിളിക്കുന്നു.

ഏറ്റവും ത്യാഗപൂർണ്ണമായഒരുജീവിതമേയ്യുആശ്വാസങ്ങളാൽപൂരിതനായിട്ട് വിശുദ്ധഅഫ്രേം ഇങ്ങനെ വിളിച്ചുപറയുന്നു. "എന്റെ ദൈവമെ മതിമതി നിന്റെ അനുഗ്രഹങ്ങളാൽ എന്നെ മൂടിയതുമതി.., ഞാൻ മരിക്കാതിരിക്കേണമെന്ന് നീ മനസ്സാകുന്നെങ്കിൽ നിന്റെ ഔദാര്യത്തെ കുറയ്ക്കുക. എന്തുകൊണ്ടെന്നാൽ നിന്നെ സേവിക്കുന്നതിൽ ഞാൻ അനുഭവിക്കുന്ന ആനന്ദം തീർച്ചയായി എന്നെ മരിപ്പിക്കും."

വി. ഫ്രാൻസിസ് ശൗയ്യർ ജപ്പാനിൽനിന്ന് യൂറോപ്പിലെ ജസ്വിത്ത് മിഷ്യനറിമാർക്ക് എഴുതിയകത്തിൽ താഴെപ്പറയുംവിധം പ്രസ്താവിച്ചുകാണുന്നു. "ഞാൻ യാതൊരുജീവിത സൌകര്യങ്ങളും ഇല്ലാത്ത ഒരു രാജ്യത്തിൽ ആണെന്നിരുന്നാലും ഞാൻ ആഭ്യന്തരാനന്ദത്താൽ പൂരിക്കപ്പെട്ടവനായിരിക്കയാൽ സന്തോഷാധിക്യത്താൽ കരഞ്ഞുകരഞ്ഞു എൻറെകാഴ്ച നഷ്ടീഭവിച്ചേക്കുമോയെന്ന് സംശയിക്കത്തക്ക നിലയായിരിക്കുന്നു. പുണ്യം എത്രമേലാര രൂപമായിരുന്നാലും അതു മാത്രമെനമുക്ക് വാസ്തവമായ ആനന്ദത്തെ പ്രദാനം ചെയ്യുകയുള്ളു.

സ്വന്ത ശുദ്ധീകരണത്തിനായി വേലചെയ്യുന്ന നല്ലവക്കല്ലാതെ ഈലോകത്തിൽ പൂർണ്ണമായ സന്തോഷമില്ല എന്നുവിശുദ്ധ ആഗസ്തിനോസ് പറയുന്നു. സ്വപരിത്യാഗികളായവരല്ലാതെ സാക്ഷാൽ ആഹ്ലാദഭരിതരായി മറാരേയും നാം ലോകത്തിൽഎങ്ങും കണ്ടെത്തുകയില്ലായെന്നുള്ളതു സത്യംതന്നെ. ദുരാശകളുടെ പ്രലോഭനങ്ങളിൽനിന്നും മോചനം പ്രാപിച്ചു ദൈവതിരുമനസ്സിനു കീഴ്പ്പെടുത്തിയും ലോകത്തിനു തരാൻ കഴിയാത്തതും പുണ്യത്തിന്റെ സാധാരണ ഫലമായി സിദ്ധിക്കുന്നതും ആയ ആത്മസമാധാനം ഇവരനുഭവിക്കുന്നു.

ദൈവം തന്റെ നിയമങ്ങളുടെ ഭാരത്തെ കുറക്കാനുപയോഗിക്കുന്ന ആ രഹസ്യമായ തൈലാഭിഷേകത്തെപ്പറ്റി എന്താണ് പറവാൻ കഴിയാത്തത്. നിഷ്കളങ്കരായ ആത്മാവുകളിൽ അവിടുന്ന് തന്റെ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്ന ആസന്തോഷ നിയമങ്ങളേയും ആകാശമോക്ഷത്തിന്റെ ഒരു മുൻഅനുഭവമായ ഭാഗ്യശരണത്തേയും ലോകത്തിന്റെ വ്യർത്ഥതയേ വിശദമായിക്കാണിക്കുന്ന പ്രകാശരശ്മികളേയും ലോകത്തിലേ ഏറ്റം വലിയ ആലോഷങ്ങളേക്കാൾ കൂടുതൽ ആനന്ദപ്രദമായി കുരിശുരൂപത്തിൻ പാദത്തിൽ ചിന്തുന്ന ആശ്വാസകണ്ണുനീരുകളേയുംപറ്റി എന്തെല്ലാമാണ് പറയേണ്ടതു്.

നാം ആത്മത്യാഗികളല്ലാത്തിനാൽ നമുക്ക് അജ്ഞാതമായിരിക്കുന്ന ആകഷ്ണങ്ങൾ പരിപൂർണ്ണമായ ഇന്ദ്രിയനിഗ്രഹങ്ങൾക്ക് ഉണ്ടായിരിക്കേണമെന്നുള്ളതു തീർച്ചയാണ്. ത്യാഗങ്ങളുടെ അരോചകംമാത്രം നമുക്കു അനുഭവപ്പെടുന്നുവിധം അത്രഅല്പമായിമാത്രം ഇതു അഭ്യസിക്കുവാനേ നമ്മുടെ ഭീരുത്വം നമ്മെ അനുവദിക്കുന്നുള്ളു. അതിന്റെ മധുരമായ പ്രതിഫലം ലഭിപ്പാൻ അതു മതിയാകുന്നില്ല. ഈശോമിശിഹായുടെവാശ്വാനങ്ങളേയും വിശുദ്ധന്മാരുടെ ഉപദേശങ്ങളേയുംനാം അവിശ്വസിക്കുന്നു. നാം മുൻപോട്ട് കുലി ആവശ്യപ്പെടുന്നു.

ഒന്നാമത്തെപടി അതായതു സ്വനിഗ്രഹങ്ങളഭ്യസിക്കണമെന്നുള്ള പ്രതിജ്ഞയെസ്ഥിരപ്പെടുത്തുവാനാണ് വിഷമമെന്നു നാം ഗ്രഹിക്കുന്നില്ല. ഒരു ആഴ്ചവട്ടത്തേക്ക് ഈ പൂർണ്ണഖചി നമുക്കു ചെയ്യാം. നമ്മുടെ ഭാഗ്യനിമിത്തം ഒരു പരിശോധന അർഹിക്കത്തക്കവിധം ഇതു സാരമായ ഒരു കാര്യമാണ്. രണ്ടാഴ്ചത്തെ തുടർച്ചയായതും പൂർണ്ണമായതുമായ പരിത്യാഗങ്ങൾക്കുശേഷം ഇതിൽ മറ്റുള്ളവർ കാണുന്ന ആനന്ദം നിങ്ങളും കണ്ടെത്താത്തപക്ഷം കർത്താവിനും ഭാരമായിതാകുന്നുവെന്നു പറയുവാൻ നിങ്ങൾക്കു ഞാൻ അനുമതി നൽകുന്നുഎന്നു ഒരു വലിയ ദൈവശുശ്രൂഷിപറഞ്ഞിട്ടുണ്ടു. (ഒരു ഭക്തൻ)

"നന്മനിറഞ്ഞ മറിയം"

(റവ.ഡോ. ഒ. ജോസഫ് നെടുംകുന്നം.)

കത്തോലിക്കാ ലോകത്തിൽ നന്മനിറഞ്ഞ മറിയം എന്ന പ്രാർത്ഥന ഉപയോഗിക്കാത്തവരായി വല്ലവരുമുണ്ടോ യെന്ന് സന്ദേഹമാണ്. കത്തോലിക്കരിൽ സിംഹഭാഗവും ഈ ജപം ദിവസത്തിൽ ഒരുതവണയെങ്കിലും ഉരുവിടുന്നുണ്ടായിരിക്കണം. വാക്കേ ഏതുമീ പ്രാർത്ഥനയിൽ അന്തർഭവിച്ചിരിക്കുന്ന പരമരഹസ്യങ്ങളേധ്യാനിക്കുന്നവർ എത്രയുമല്പം! അല്ല, ആനമസ്കാരത്തിൽ ലീനങ്ങളായിരിക്കുന്ന മഹാരഹസ്യങ്ങളേ ക്രുലംകഷമായി വ്യാഖ്യാനിക്കുന്നതിന്, അല്പബുദ്ധികളായ മനുഷ്യരാൽ സാദ്ധ്യമാണോ? ഈ നമസ്കാരത്തിന്റെ കർത്താക്കൾ മൂന്നുപേരാണ്. പ്രഥമ ഭാഗം ഗബ്രിയേൽ ദൈവദൂതനാലും, അടുത്തത് എലിസബത്തിനാലും, തൃതീയഭാഗം കത്തോലിക്കാ തിരുസ്സഭയാലും ചേർക്കപ്പെട്ടിട്ടുള്ളതാണ്. വിശുദ്ധ ഗ്രന്ഥകർത്തിലോ, പാരമ്പര്യങ്ങളിലോ, എന്നല്ല കത്തോലിക്കാസഭാപഠിനങ്ങളിലോ, അന്തർഭവിച്ചിട്ടുള്ള വചനങ്ങളെല്ലാം തന്നെ നമുക്ക് ഈ നമസ്കാരത്തിൽ ധ്യാനിക്കാവുന്നതാണ്.

"നന്മനിറഞ്ഞ മറിയമേ! നിനക്കുസ്വസ്തി" എന്ന വാക്കുകൾ ഉച്ചരിക്കുമ്പോൾ നാം ഗ്രഹിക്കുന്നതെന്താണ്? സൂര്യനെ വസ്ത്രമായും, ചന്ദ്രനെ പാദുകമായും, നക്ഷത്രങ്ങളെ കിരീടമായും അണിഞ്ഞിട്ടുള്ളവളും, ഒരേസമയംതന്നെഭാര്യയും, മാതാവും, കന്യകയുമായിപരിലസിക്കുന്നവളും, നിത്യപിതാവിന്റെപുത്രി, തനയന്റെജനയിത്രി, പവിത്രാത്മാവിന്റെ പത്നി എന്നീ മഹനീയ സ്ഥാനങ്ങളെ കരസ്ഥമാക്കിയിരിക്കുന്നവളും നസ്രസിലെ ആശാരിപ്പണിക്കാരനായ യൌസേപ്പിന് വിവാഹ ബദ്ധയും ആയ മറിയവും, അയാളുടെ പക്കൽ അർപ്പിതനതനാൽ അയക്കപ്പെട്ട ഗബ്രിയേലും നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നു. ദൈവദൂതവാക്യങ്ങളിൽ നിന്നും, ആദിമമാതാപിതാക്കൾ എപ്രകാരം നമ്മെ സത്രുവികളായി സൃഷ്ടിക്കപ്പെട്ടെന്നും, അവർ എങ്ങിനെ അധഃപതിച്ചെന്നും, എതുവിധത്തിൽ ഒരു രക്ഷകനെ അവർക്ക് ദൈവം വാഗ്ദാനം ചെയ്തെന്നും ഉള്ള ചിന്തകൾ പൊട്ടിനനവെ, നമ്മുടെ സ്മൃതിപഥത്തിൽ കൂടെ ഗതാഗമനം ചെയ്യുന്നു. ആദിമാതാപിതാക്കൾ പാപഗ്രസ്തമായ ജീവിതം നയിക്കുന്നതും എന്നാൽ അവരിൽ ഒരുവൾ മാത്രം ജന്മപാപത്തിന്റെ

നിഴൽപോലും തീണ്ടാതെ ഭ്രജാതയാകുന്നതും നാമെങ്ങിനെ സ്മരിക്കാതിരിക്കും? അതേ നമ്മുടെ ഹൃദയം സ്വസ്തി, സ്വസ്തി, യെന്ന് നാം അറിയാതെ തന്നെ ഉരുവിട്ടുപോകുന്നു.

ദൈവദൂതൻ, "കർത്താവു നിന്നോടുകൂടെ, സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവൾ" എന്നു തുടരുന്നു. ആദാമിന്റെ പ്രമാണലംഘനാവസരത്തിൽ, വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതും, അബ്രഹാം, യാക്കോബ്, മോശ, ദാവീദ് മുതലായവരോട് അറിയിക്കപ്പെട്ടിട്ടുള്ളതും ആയ അഭിഷിക്തൻ അതേ, കന്യകയിൽ നിന്നുംസംജാതനാകുമെന്ന് ഇസയാസ് ദീർഘദർശിയാൽ പ്രവചിക്കപ്പെട്ടിട്ടുള്ളതായരക്ഷകൻ,അവളോടുകൂടെ–അവളിൽ–ആണന്നതത്രെ ദൂതൻ പറയുന്നത്. രക്ഷകൻ അവളോടുകൂടെയുണ്ടെന്നും, അവളിൽ മനുഷ്യർക്ക് രക്ഷസംപ്രാപ്തിമാകുമെന്നും, മാലാഖ അവളെ സുവിദിതമാക്കുന്നു. സ്ത്രീകുലത്തിൽ വാഴ്ത്തപ്പെട്ടവളാണ് അവൾ എന്നുള്ളതും ദൈവസന്ദേശമാണ്. വേദപുസ്തകത്തിൽ വാഴ്ത്തപ്പെട്ടവൾ എന്ന മഹനീയ സംജ്ഞ ജോയേൽ, യുദിത്തു്, എന്നീ നാമിദ്വയത്തിനും നൽകുന്നുണ്ട്. പക്ഷെ അവർ ഈ ബിരുദധാരണികളാകുന്നതു് മനുഷ്യജിഹ്വകളിൽനിന്നും മാത്രമാണ്. മറിയമാകട്ടെ ദൈവദൂതൻ വഴി ദൈവത്തിൽ നിന്നും ഈ സന്ദേശമകരസ്ഥം ആസ്വദിക്കുന്നു. കുറവറവനായ ഏകജാതന്റെ മാതൃസ്ഥാനത്തിന്നു് അർഹയായി കണ്ടെത്തപ്പെട്ട ഈ മഹിളാരത്നത്തെ വാഴ്ത്തപ്പെട്ടവൾ എന്ന് നൂറുപറഞ്ഞാലും അതു അധികമാകുന്നില്ല. ദൈവദൂതൻ മറിയത്തിന്നു് നൽകുന്ന ഈ സന്ദേശാവിഷ്കരണസമയത്താണ്, ഏകനായ ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നു് നാം ആദ്യമായി പഠിക്കുന്നതു. പിതാവായ ദൈവം, തന്റെ ഏകജാതനും കുറവറവനുമായ പുത്രൻ (ഈശോ) അവളിൽ നിന്നും പവിത്രാത്മാവിന്റെ പ്രവൃത്തിയാൽ സംജാതനാകുമെന്നുള്ളതാണല്ലോ സന്ദേശസാരം. ഈ സന്ദേശത്തിൽ ത്രിത്വത്തിലെ മൂന്നാളുകൾ സംബന്ധിക്കുന്നുണ്ട്. അതുകയാൽ ഈ നമസ്കാരം ഉച്ചരിക്കുന്ന അവസരത്തിൽ, ത്രിത്വത്തിലെ ഈ മൂവരേയും, അവരെ നരകുലത്തിന്നു് പ്രത്യക്ഷപ്പെടുത്തിക്കൊടുത്ത ആ മംഗളാവസരത്തേയും, നാമെങ്ങനെ വിസ്മരിക്കും?

"നിന്റെ വയറിൻ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു."

മാലാഖയുടെ സന്ദേശാവിഷ്കരണാനന്തരം, രണ്ടാമതായിൽ മറിയം യൂദയാമലം പ്രദേശങ്ങൾ തരണം ചെയ്തു് എലിസബത്തിന്റെഭവനത്തിലെത്തിയെന്നും അപ്പോൾ പവിത്രാത്മപ്രേരിതയായ എലിസബത്തു് "സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീ, നിന്റെ വയറിൻ ഫലവും വാഴ്ത്തപ്പെട്ടതാകുന്നു." എന്നു് വിളംബരം ചെയ്തെന്നും, പ്രസ്താവിത വാക്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ഈശോ യഥാർത്ഥദൈവമെന്ന് ദൈവദൂതവചനത്തിൽ നിന്നും നാം ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോളിതാ അദ്ദേഹം മറിയത്തിന്റെ ഉദരഫലമെന്ന് നാം ധ്യാനിക്കുന്നു. അതായതു മറിയംയഥാർത്ഥദൈവമാതാവെന്നും, യേശുഅക്കാരണത്താൽ

യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണെന്നും ഉള്ള എഫെസ്യൂസ് സൂനഹദോസു പഠനങ്ങളേയത്രേ നാം വിചിന്തനം ചെയ്യുന്നത്. ഈ സന്ദർഭാവസരത്തിൽപവിത്രാത്മപ്രേരിതയായ മറിയം, "അനന്തരതലമുറകൾ എന്നെ ഭാഗ്യവതിയെന്ന് വിളിക്കും"മെന്ന് പ്രവചിക്കുന്നതും, ഏതൽകാലപര്യന്തം അത് അക്ഷരാർത്ഥം നിറവേറിക്കൊണ്ടിരിക്കുന്നതും നാമെങ്ങനെ സ്മരിക്കാതെയിരിക്കും?

ഈ വിചാരങ്ങളെഉടൻതന്നെ നാംപരസ്യമായി പ്രകടിപ്പിക്കുന്നത് "പരിശുദ്ധ മറിയമേ,തമ്പുരാന്റെഅമ്മേ"എന്ന വാക്യങ്ങളാലാണ്. മറിയം ദൈവത്തിന്റെ മാതാവാണെന്നുള്ളത്, നമ്മുടെ ഹൃദയത്തിന്റെ ഓരോ സ്പന്ദനങ്ങളിലും നാം ഉച്ചരിക്കേണ്ട ഒരു സുകൃതജപമാണ്. ഇങ്ങനെ പരമ പാവനയായി തീർന്നിരിക്കുന്ന മറിയത്തോട് നാം ഒരപേക്ഷചെയ്യുകൊണ്ട് ഈ നമസ്കാരത്തെ ഉപസംഹരിക്കുന്നു. അതായത്,"പാപികളായഞങ്ങൾക്കുവേണ്ടിഇപ്പോഴുംഞങ്ങളുടെമരണനേരത്തും തമ്പുരാനോട് അപേക്ഷിക്കേണമെ" എന്ന അർത്ഥനയാണ് ശരീര കെല്പക്ഷയത്താൽ പാപികളായെന്നും, സ്വയമേവ പുണ്യസമ്പാദനത്തിന് അശക്തരെന്നും നാം ഹൃദയപൂർവ്വം സമ്മതിക്കുന്നു., ഏവംവിധത്തിൽ, പാപികളായ നമുക്കുവേണ്ടി ഇപ്പോഴും മരണനേരത്തും ദൈവത്തോട് അപേക്ഷിക്കണമെന്ന് നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്ത്യനേരമാണ് സർവപ്രധാനമെന്നും, അതുസമയം വിജയപ്രാപ്തിക്ക് വളരെ പോരാടേണ്ടതായിട്ടുള്ളതിനാൽ സ്വർഗ്ഗീയ സഹായം അത്യാവശ്യമാണെന്നും അതുണ്ടെല്ലാ ഇതിനാൽ നാം വിശ്വസിക്കുന്നത്. ഈ അവസരത്തിൽതന്നെ പിതാക്കന്മാരുടെ ഐകകണ്ഠ്യേനയുള്ള പാരമ്പര്യമായ "സാർവ്വത്രികമദ്ധ്യസ്ഥതയെയും, നാം സ്വീകരിക്കുകയാണ് ചെയ്യുന്നത്. (ദൈവം നരകകുലത്തിൽ ചിന്തുന്ന സകലവരപ്രസാദങ്ങളും പ. കന്യക മറിയം വഴിയായിട്ടും, മാത്രവും അതുണ്ടെന്നാണ് സാർവത്രിക മദ്ധ്യസ്ഥത്തിൽ വിവക്ഷിതമാക്കുന്നത്.

ഇങ്ങനെ സുവിശേഷത്തിന്റെ പ്രധാന ഭാഗങ്ങളെ അടക്കിക്കൊള്ളുന്ന ഒരു പ്രാർത്ഥനയാണ് നന്മനിറഞ്ഞ മറിയം. ഈ നമസ്കാരം ഉച്ചരിക്കുമ്പോൾ മനുഷ്യാവതാരത്തിന്റെയും മനുഷ്യത്രാണനത്തിന്റെയും പരമ രഹസ്യങ്ങളേ, അറിഞ്ഞോ അറിയാതെയോ നാം ഏറ്റു പറയുന്നു. ഏവംവിധം മഹൽതമമായ ഈ നമസ്ക്കാരോച്ചാരണത്തിന് എത്ര വിപുലതമായ ഒരു ദണ്ഡവിമോചനം തന്നെ കല്പിച്ചാലും അതു അധികമാകുന്നതല്ല. എന്നുമാത്രമല്ലാ കത്താവിന്റെ പ്രാർത്ഥനയായ "ആകാശങ്ങളിലിരിക്കുന്ന"നമസ്ക്കാരം കഴിഞ്ഞാൽ പിന്നെയുള്ള സമസ്ത പ്രാർത്ഥനകളിലും വലിയത് (മഹത്തരം) ഈ നമസ്ക്കാരമാണെന്ന് തിരുസഭ പഠിപ്പിക്കുന്നെങ്കിൽ അതിൽ അതിശയോക്തി ചൂണ്ടേണ്ടതുമില്ല.

വിശ്വാസം.

(ജെ. കുഴുൻ, വള്ളുവന്തറ)

നമ്മുടെ ചുറ്റും അധിവസിക്കുന്ന അകത്തോലിക്കരും, അക്രൈസ്തവരും, നാം അവിശ്വാസികളാണെന്ന് എന്നേരവും അപവചിച്ചുകൊണ്ടു തന്നെയിരിക്കുന്നു. ഇതു കേവലം അടിസ്ഥാനര ഹിതമായ ഒരു അവാസ്തവ പ്രസ്താവമാണ്. നാം ഉറച്ചപാറമേൽ ഉറപ്പായി പണിയപ്പെട്ടിരിക്കുന്ന വള്ളിയിലൊരിക്കലും വ്യതിചലിച്ചിട്ടില്ലാത്ത സത്യമതാവലംബികളാണെന്ന് നമുക്ക് സാനന്ദം അഭിമാനിക്കുകയും തത്സമയം തന്നെ നമ്മുടെ സുദൃഢവും അതുലവുമായ കത്തോലിക്ക വിശ്വാസത്താൽ ഇതരന്മാരെ ആകർഷിക്കുകയും ചെയ്യാം. അബദ്ധാഭിപ്രായം കൊണ്ട് തെറ്റി അജ്ഞാനാന്ധകാരത്തിൽ നിരാശ്രയരായി വലയുന്ന അവക്കുവേണ്ടി നമുക്കുപ്രാർത്ഥിക്കാം. നമ്മുടെവിശ്വാസം ദൈവത്തിൽനിന്നുള്ളതാണ്. ദൈവം പരമ സത്യവാനാണ്. അദ്ദേഹംസത്യം മാത്രം പഠിപ്പിക്കുന്നു. അതിനാൽ അതു വിശ്വസിക്കുന്നതിലും, ആ വിശ്വാസത്തിൽ സ്ഥിരമായിനിൽക്കുന്നതിലും അബദ്ധംലേശമില്ല. വിശ്വസിക്കാത്തവൻ എങ്ങിനെ രക്ഷപെടും. നമ്മുടെ വിശ്വാസമല്ലയൊ നമ്മെ പൊരുപ്പിക്കേണ്ടതു്.?

നാം പ്രതിദിനം നമ്മുടെശാരീരികമായ സംഗതികളിൽ എത്രമാത്രം അഭിവൃദ്ധിപ്പെടുന്നുവൊ, ആയതുപോലെ നമ്മുടെ വിശ്വാസത്തിലും വളർച്ചപ്രാപിക്കണം. നമ്മുടെദിവസംതോറുമുള്ളപ്രാർത്ഥനകളും, നമസ്കാരങ്ങളും ക്രമമായുംഭയഭക്തിസമന്വിതവും എത്തിക്കുന്നപക്ഷം ആയതു നമ്മുടെവിശ്വാസത്തിൽ ദൃഢപ്പെട്ടുന്നതിന്ന് കാരണമായി തീരുന്നതാണ്. വിശ്വാസ സംബന്ധമായി ഉണ്ടാകുന്ന എല്ലാത്തരം പരീക്ഷകളിൽനിന്നും രക്ഷപെടുന്നതിനുസകലവിധശ്രമങ്ങളും ചെയ്യണം. നമ്മുടെ വിശ്വാസം ദൈവദത്തമായഒരുപ്രത്യേകാനുഗ്രഹം തന്നെയായിരിക്കയാൽ ആയതുസുരക്ഷിതമാക്കികൊണ്ടുപോകേണ്ടതു് ഭാരമായിനാം കരുതുള്ളതിനുകൂടി പാടില്ലാത്ത ഒരുകടമയാണ്. നമുക്കുനമ്മുടെ മതവിശ്വാസത്തോളം വിലയുള്ളതായിമറ്റൊന്നുംതന്നെയില്ല. "ആത്മാവിന്റെ നിത്യരക്ഷ ഒരു കത്തോലിക്കന്റെ ജീവിതോദ്ദേശ്യവും, മതവിശ്വാസം അതുസാധിക്കാനുള്ളമാർഗ്ഗവുമായിരിക്കെ, അവിശ്വാസം ദൈവത്തിന്റെ ഒരു സൗജന്യദാനമണ്". "കത്തോലിക്കനാകുവാൻ പരിശ്രമിക്കുന്നതും' വിശ്വസിക്കുന്നതുമെല്ലാം ഞാനൊരുകൂടിവിശ്വസിക്കുന്നു,, എന്നുള്ളവിശ്വാസ പ്രകരണം വിശ്വാസ സംരക്ഷണം സാധിക്കുന്നതിന്ന് എത്രയും ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

നമ്മുടെവിശ്വാസത്തെ ദൃഢപ്പെടുത്തുന്നതിനുപകരിക്കുന്ന ഒരുസംഗതിയാണ് ജ്ഞാനവായന. ജ്ഞാനവായനയ്ക്കുവേണ്ടിതിരിഞ്ഞെടുക്കുന്ന സൽഗ്രന്ഥങ്ങൾദൈവത്തേയും, അദ്ദേഹത്തിന്റെഅത്ഭുതങ്ങളേയും കുറിച്ചു സാരമായപലസംഗതികളുംനമുക്കുവെളിപ്പെടുത്തിത്തരുന്നു. ജ്ഞാനവായനയ്ക്കുപകരിക്കുന്ന ഏറ്റം ശ്രേഷ്ഠമായപുസ്തകം വേദപുസ്തകമത്രെ. വേദപുസ്തകപാരായണത്താൽ നാം കർത്താവിനെ വളരെഅധികം സമയം അനുഭവിയ്ക്കുന്നു. വേദപുസ്തകം ആദ്യന്തം വായിക്കുന്ന പക്ഷം കർത്താവു സീനമലയിൽമോശയുമായി സംസാരിക്കുന്നതും, പവ്വുത മുകളിൽ നിന്നുകൊണ്ട് ഉജ്ജ്വലത്തായ പ്രസംഗം ചെയ്യുന്നതും, യാക്കോബിന്റെ കൂടാരത്തിൽ നിന്നുകൊണ്ട് സമരിയാക്കാരിയോടുസംവാദം ചെയ്യുന്നതും ,വിശ്വാസത്തിന്റെപ്രേരണനിമിത്തം ദിവ്യരക്ഷകനെ ഒരുകണ്ണു കാണുന്നതിനു വൃക്ഷാഗ്രത്തിൽ സ്ഥലം പിടിച്ചിരുന്ന സക്കേയൂസിനോട് താഴെ ഇറങ്ങി വരുന്നതിനു് ആജ്ഞാപിക്കുന്നതും, സോദരവിയോഗത്താൽ സങ്കടപരവശരായ ലാസറിന്റെ സോദരികളെ സമാശ്വസിപ്പിക്കുന്നതും, ശിഷ്യഗണത്തിനു് സാരമായ പല ഉപദേശങ്ങൾ നൽകുന്നതും നമുക്കു കാണാൻസാധിക്കും. വേദപുസ്തകംമുഖേന നമുക്ക് എത്രയധികം സാരവത്തുക്കളായ ഉപദേശശ്രേണികളാണ്ലഭിക്കുന്നത്. പുസ്തകങ്ങൾനമ്മോടുകൂടിഎന്നുമുണ്ട്. അയതു ഒരുപദേശിയെപ്പോലെ കാര്യാകാര്യങ്ങൾ എന്തെല്ലാമെന്നനമ്മെ പഠിപ്പിക്കുന്നു. "സൽഗ്രന്ഥങ്ങൾ സഭ്യത്തിൽനിന്നും അയയ്ക്കപ്പെട്ട കത്തുകൾഅത്രേ". "പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടു് സംസാരിക്കുന്നു. എന്നാൽ ദൈവവചനം വായിക്കുകയോ കേൾക്കുകയോചെയ്യുമ്പോൾ ദൈവം നമ്മോട് അരുളിച്ചെയ്യുന്നു.,,

"ഉത്തമമായവിശ്വാസംമൂലംലഭിക്കുന്ന മനോഹരങ്ങളും, ദൈവാനുഗ്രഹങ്ങളുംനിരവധിയാണ്. രണ്ടുകുരുടന്മാർതങ്ങൾക്കുകാഴ്ചനല്കണമെന്നു ദിവ്യരക്ഷകനോടഭ്യർത്ഥിച്ചപ്പോൾ അവരുടെഅതിരറ്റവിശ്വാസംകണ്ടുകൊണ്ട്തൽക്ഷണം അവർക്കു കാഴ്ച നിവർത്തിച്ചുകൊടുത്തു. തന്നിൽവിശ്വസിച്ച മർത്ഥായെയും മറിയയേയും അവരുടെ സഹോദരന്റെ സാന്നിദ്ധ്യത്താൽസമാശ്വസിപ്പിച്ചു. മുപ്പത്തിയെട്ടുകൊല്ലംതളർവാതംമൂലം തളർന്നു കായക്ലേശം അനുഭവിച്ചുവ്യസനിച്ചുകിടന്നസാധുരോഗിയെഒരൊറ്റവാക്കുമൂലം സുഖപ്പെടുത്തുന്നതിനുള്ളഏകകാരണംഅയാളുടെവിശ്വാസാധിക്യംതന്നെയാണ്. ഏകപുത്രന്റെഅകാലവിയോഗം മൂലം അടക്കാൻ പാടില്ലാത്ത സങ്കടത്തോടുകൂടി കരഞ്ഞു ശവമഞ്ചത്തിന്റെ പിന്നാലെ മന്ദം മന്ദം നടന്ന സാധുവിധവയ്ക്ക് സ്വസന്താനത്തെ തിരിച്ചു കിട്ടുന്നതിനു് ഇടയാക്കിയതും അവളുടെ വിശ്വാസം തന്നെ. മഹാപാപിയായിരുന്ന—പാപം തന്നെയായിരുന്ന—മഗ്ദലനാ മറിയം ദൈവപുത്രനിലുള്ള നിസ്സീമമായ വിശ്വാസം കൊണ്ടല്ലയോ, ആദിവസം പുഷ്പൻ ഒരു യഹൂദന്റെ ഗൃഹത്തിൽ സദ്യയ്ക്കിരിക്കുമ്പോൾ മറിയം അദ്ദേഹത്തിന്റെ തൃപ്പാദങ്ങൾ കണ്ണുനീരുകൊണ്ടു കഴുകി, കേശഭാരം കൊണ്ടു തുടച്ചു, പരിമളം വീശുന്ന സുഗന്ധതൈലം പൂശിയതു്?.

അവളുടെ മഹാപാപങ്ങളെല്ലാം ഒന്നാകെ പൊറുക്കപ്പെട്ടു. പിശാചു് പീഡിതരെ സുഖപ്പെടുത്തിയതും, മൂത്തരായവരെ ഉയർപ്പിച്ചതും, ക്രൂരന്മാർക്കു് കാഴ്ചകൊടുത്തതും, മൂകന്മാർക്കു് വാക്കു് പാടവം കൊടുത്തതും, ഭീമമായ ഒരു ജനസമൂഹത്തിൽവച്ചവന്റെ വസ്ത്രത്തിൽ സ്പർശിച്ച ഒരു സ്ത്രീക്കു് അത്ഭുതകരമായ വിധത്തിൽ സൌഖ്യം നല്കിയതും; ഇപ്രകാരം ശാരീരികവും, ആത്മികവുമായ അസംഖ്യം നന്മകൾ അദ്ദേഹത്തോടു് അപേക്ഷിച്ചവർക്കു നല്കിയതിനുള്ള ഏക കാരണം അവരുടെ നിഷ്കളങ്കമായ വിശ്വാസം ഒന്നുതന്നെയാണല്ലൊ.

ആയതിനാൽ നമ്മിൽ ശുദ്ധമൂലമായിരിക്കുന്ന വിശ്വാസത്തെ നമുക്കു ബലപ്പെടുത്താം. കർത്താവു നമ്മിൽ നിന്നു് ആഗ്രഹിക്കുന്നതും ഇതുതന്നെയാണു്. കർത്തോലിക്ക വിശ്വാസത്തിൽ ജീവിക്കുന്ന നമുക്കു് ഈ അനുഗ്രഹപ്രദായകമായ രക്ഷാകര മാർഗ്ഗത്തിലോടു്—ഈ വിശ്വാസത്തിലോടു് നമ്മുടെ സഹോദരങ്ങളേയും കൊണ്ടു വരാം. ദൈവത്തിന്റെ വഴി സാവധ്രികമാണു. അതിൽ എല്ലാവരും ആശ്വസിക്കണം. നമ്മുടെയേവരുടേയും വിശ്വാസം ഒന്നായിത്തീരുവാൻ നമുക്കു ശ്രമിക്കാം. "എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികളെ ചെയ്യും" എന്നു് അരുളിച്ചെയ്തിരിക്കുന്ന കർത്താവിന്റെ ആഗ്രഹപ്രകാരം നമുക്കു പ്രവർത്തിക്കാം. എങ്കിൽ "ഏക തൊഴുത്തും, ഏക ഇടയനും, ഏക അജക്രൂട്ട"വും എന്ന നമ്മുടെ കർത്താവിന്റെ ആഗ്രഹം അതു വിദൂരമല്ലാത്ത ഭാവിയിൽ നിവർത്തിതമാകും; നിശ്ചയം.

രാജാവായ അബ്ഗാരുടെ

രോഗശാന്തി.

(ഒരു ചരിത്ര കഥ)

(പൊന്നാമറ്റത്തിൽ ഔസേപ്പു മാപ്പിള)

II

അനന്യാസ്സ് പരിചാരകന്മാരൊന്നിച്ചു് "യൂദയാ" ദേശത്തിൽ എത്തി. രാജവസരത്തിൽ യേശുക്രിസ്തു മരുഭൂമിയിൽ അനേകായിരം ജനങ്ങളുടെ മദ്ധ്യേ ആഗതനായിരുന്നുകൊണ്ടു് പ്രസംഗിക്കുകയായിരുന്നു. പ്രൗഢഗംഭീരമായതും അനേകം ജ്ഞാനതത്വങ്ങൾ അടങ്ങിയതുമായ ഈ ഉപദേശം കേൾക്കുന്നതിനായി അളുകൾതിക്കിത്തിരക്കി വന്നുകൊണ്ടിരുന്നു. ജനബാഹുല്യംകൊണ്ടു് ആസ്ഥലത്തേക്കടുക്കുവാനോ, അദ്ദേഹത്തിന്റെ സന്നിധിയിൽചെന്നു് കാര്യംസാധിപ്പാനോ നിവൃത്തിഇല്ലാതെ അനന്യാസ്സും കൂട്ടരും കുഴങ്ങി. ജലപ്രവാഹംപോലെ ജനസംഘം പ്രസംഗസ്ഥലത്തെലക്ഷ്യമാക്കി പൊയ്ക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ സാ

ന്നിദ്ധ്യം ലഭിക്കായ്കയാൽ അക്ഷമരായ ജനങ്ങൾ തിരക്കുകൂട്ടുന്നു. ഇതെല്ലാംകണ്ടിരുന്ന അനന്യാസ് നിശ്ചഞ്ചലനായിനിന്ന് ഏറ്റാണ്ട് ചെയ്തു, എന്നാലോചിച്ചു.

തന്റെ രാജാവിന്റെ അഭീഷ്ടം സാധിക്കുന്നതിനും അദ്ദേഹത്തിന്റെ അപേക്ഷാപൂർവ്വമായ ഈ കത്ത് ക്രീസൂവിന്റെ മുമ്പാകെസമർപ്പിക്കുന്നതിനും കാരുണ്യമുണ്ടാകണമെ, എന്ന് ഭക്തിപൂർവ്വം ദൈവത്തോടുപ്രാർത്ഥിച്ചു. അനന്തരം തന്റെസഹചാരികളെ സന്തുഷ്ടമായ ഒരുസ്ഥലത്തുനിർത്തി അനന്യാസ് ഉയരംകൂടിയ വൃക്ഷത്തിന്റെകൊമ്പിൽ കയറി ഇരുന്നുകൊണ്ട് സ്വവിശേഷപ്രാസംഗികനായ യേശുനാഥന്റെചരിത്രമായ എഴുതുവാൻ ആരംഭിച്ചു. എത്രതന്നെബദ്ധപ്പെട്ടിട്ടും ആ ദിവ്യന്റെ ചരിത്രമായ വരച്ചെടുക്കുവാൻ ചിത്രകലാസമർത്ഥനായ അനന്യാസിനുകഴിയുണ്ടായില്ല. ഇക്കുറ്റത്തിൽ ഇദംപ്രഥമമായി തനിക്കനേരിട്ട പരാജയംഓർത്ത് അനന്യാസ്സ് അത്ഭുത പരതന്ത്രനായിത്തീർന്നു. മുമ്പേതന്നെ ഒരത്ഭുതപുരുഷനായി–ദിവ്യനായി–തനിക്കുബോദ്ധ്യപ്പെട്ടിട്ടുള്ള ക്രീസൂവിനെപ്പറ്റി ക്രമാതീതമായ ഭക്തിബഹുമാനങ്ങൾ അനന്യാസിനുണ്ടായി. തന്റെ യാത്രയുടെഉദ്ദേശ്യംവിഫലീഭവിക്കുന്നതോർത്ത് അദ്ദേഹംചിന്താകുലനായിരിക്കുമ്പോൾ സർവ്വജ്ഞനായ ക്രീസൂവിന്റെ കല്പനപ്രകാരം അദ്ദേഹത്തിന്റെ പ്രിയശിഷ്യനായ വിശുദ്ധതോമ്മാഎന്ന് അനന്യാസിനെക്കൂട്ടിക്കൊണ്ടുപോയി ക്രീസൂവിന്റെസന്നിധിയിൽ ആക്കി. അയാൾ ഭക്തിവിനയാവശ്യത്തോടെ സാഷ്ടാംഗപ്രണാമംചെയ്ത് വണങ്ങിനിന്നു. ക്രീസൂ അബ്ഗാരുടെ കത്തുവാങ്ങിനോക്കുന്നതിനു മുമ്പുതന്നെ അനന്യാസിന്റെ യാത്രയുടെ ഉദ്ദേശ്യവും മഹാരാജാവിന്റെ അപേക്ഷാവിവരങ്ങളും ജ്ഞാനദൃഷ്ടിയാൽഗ്രഹിച്ച അനന്യാസിനോടു പറഞ്ഞു "നമ്മുടെ ഹൃദയാന്തർഭാഗത്തുള്ള അതിസൂക്ഷ്മ വിചാരങ്ങളേപ്പോലുംസദ്ഗ്രഹിക്കുന്നഅവരാത്മസത്തുവതിന്റെഅത്ഭുതശക്തിയെഅറിഞ്ഞ് അതാധിപ്പാൻഅക്കുകഴിയും? അവരത്രേഉത്തമഭക്തന്മാർ,, എന്നിങ്ങനെ വിശുദ്ധതോമ്മായെ നോക്കിക്കൊണ്ട് അനന്യാസ്സ് ആത്മഗതംചെയ്തു. തൽക്ഷണം യേശുക്രിസ്തു, അനന്യാസിനോടു എഴുത്തുവാങ്ങി വായിച്ചതിന്റെശേഷം താഴെകാണുന്നവിധം ഒരു "സന്ദേശം,, എഴുതിക്കൊടുപ്പാൻ വിശുദ്ധ തോമ്മായോടുകല്പിച്ചു. അനന്തരംഅദ്ദേഹംപ്രസംഗംതുടർന്നു.

("ദിവ്യസന്ദേശം")

"എന്നെക്കാണാത്തതിനാൽ മനുഷ്യനെ(എന്നിൽ)വിശ്വസിച്ച അബ്ഗാരെ നീഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ എന്നെക്കാണുകയും എന്റെഉപദേശം കേൾക്കുകയും ചെയ്യുന്നവരിൽ അനേകർ എന്നെവിശ്വസിക്കുന്നില്ല. എന്നെക്കാണാത്തവരായ അനേകർ എന്നെവിശ്വസിക്കുകയും ഞാൻമൂലം അവർനിത്യജീവൻ പ്രാപിക്കുകയും ചെയ്യുമെന്ന് (ദിവ്യദർശികൾ)എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നു. ഞാൻനിന്റെ അടുക്കൽ വരേണമെന്ന് നിഎഴുതിയിരിക്കുന്നു. എന്നാൽഎന്റെ ജോ

ലിവളരെ. സമയംചുരുക്കം. എന്നെഅയച്ചവനായ എന്റെപിതാവി
ന്റെ ഇഷ്ടംനിവൃത്തിക്കുന്നതിനാ വേണ്ടിഞാൻ ബദ്ധപ്പെടുന്നു. എന്റെ
പിതാവ് എന്നെ എല്പിച്ചജോലി പൂർത്തിയാക്കിയശേഷം ഞാൻഎന്റെ
പിതാവിന്റെ അടുക്കലേക്കുപോകും. ഞാൻഅവിടെ ചെന്നതിന്റെ
ശേഷം എന്റെശിഷ്യന്മാരിൽ ഒരാളെനിന്റെ അടുക്കലേക്ക് അയക്കാം.
അവൻനിന്റെ രോഗം പൂർണ്ണമായിസുഖപ്പെടുത്തും. തന്മൂലംനിനക്കു
നിത്യമായ സമാധാനവും, സുഖപ്രാപ്തിയും ലഭിക്കയുംചെയ്യും.,,

കാരുണ്യനിധിയായ ക്രിസ്തുവിന്റെ..ദിവ്യസന്ദേശം,, ലഭിച്ചതിനാ
ൽ അനന്യാസ് സന്തുഷ്ടനായി ഭവിച്ചെങ്കിലും, ആ ദിവ്യരക്ഷകന്റെ
ഛായാചിത്രം എടുക്കുവാൻ സാധിക്കാതെവന്നതിൽ, വീണ്ടുംവിഷമിച്ചു.
അനന്യാസിന്റെ ഈബദ്ധപ്പാടും, വിഷമവുംകണ്ടിട്ടു യേശുക്രിസ്തു ഒരു
തിരശ്ശീലയിൽ തന്റെഛായ പ്രതിഫലിപ്പിച്ച വിശുദ്ധതോമ്മാ മുഖേ
നഅത് അനന്യാസിനുനൽകി. അത്ഭുതകരമായ ഈഛായാചിത്രം
ലോകത്തിൽ അനേകം ഗുണാനുഭവങ്ങൾ ഉണ്ടാകുമെന്നുള്ള വി.തോ
മ്മായുടെ അശീർവ്വാദത്തോടുകൂടി അനന്യാസ് ഭക്തിപൂർവ്വംഅതുവാങ്ങി.
എദേസ്സായിലേക്ക് പുറപ്പെട്ടു. രാത്രിയായപ്പോൾ ,,മോബിക്ക്,, എന്നപ
ട്ടണത്തിലെത്തി അവിടെയുള്ള സത്രത്തിൽ താമസിച്ചു. തിരുവെഴു
ത്തും ഛായാചിത്രവും സത്രത്തിന്റെ മേൽപ്പുരയുടെ ഒരുഭാഗത്തു സൂക്ഷി
ച്ചു വച്ചിട്ടു അയാൾ ഉറക്കമായി. ഏകദേശം അർദ്ധരാത്രിയായപ്പോൾ
ചന്ദ്രപ്രകാശത്തേയും അതിലംഘിച്ചുകൊണ്ടു ഒരു മഹാതേജസ്സ് സത്ര
ത്തിന്റെ മേൽഭാഗത്തു ഉയർന്നുകാണപ്പെടായി. ഈ തേജസ്സു കണ്ട് സ
ത്രം അഗ്നിക്കിരയായി തീർന്നുവോ എന്ന് സംശയിച്ച ആ നഗരവാസി
കൾ പരിഭ്രാന്തചിത്തരായി ഓടിയെത്തുകയും, ശബ്ദ ഘോഷത്തോടെ
പട്ടണവാസികളെല്ലാവരേയും ഉണർത്തുകയും ചെയ്തു. അഗ്നി കത്തി
ജ്വലിക്കുംവിധമുള്ള പ്രഭാപൂരം കണ്ടിട്ടും സത്രം കത്തി എരിയാത്തതി
നാൽ എല്ലാവരും അത്ഭുതപരതന്ത്രരായി നോക്കി നിന്നു. അപ്പോൾ
നമ്മുടെ അനന്യാസു എല്ലാവരേയും ആശ്വസിപ്പിച്ചുകൊണ്ട് താൻ
സൂക്ഷിച്ചുവെച്ചിരുന്ന ദിവ്യസന്ദേശവും ഛായാചിത്രവും ഏവരേയും കാ
ണിക്കുകയും ഇതിന്റെ പ്രകാശമാണ് കണ്ടതെന്നു അവരെ ബോദ്ധ്യ
പ്പെടുത്തുകയും ചെയ്തു.

മഹത്തും പവിത്രമായ ആ ഛായാചിത്രം എല്ലാവരും ഭക്തിപൂ
ർവ്വം ആരാധിച്ചു. ഇതുമോബിക്ക് നഗരത്തിൽ പ്രത്യക്ഷപ്പെട്ടതാകയാ
ൽ അവിടെത്തന്നെ സ്ഥാപിക്കേണ്ടതാണെന്നു നഗരവാസികൾ വാദിച്ചു.
എങ്കിലുംതൽ സംബന്ധമായ വാസ്തവങ്ങളെല്ലാം അവരെ പറഞ്ഞു മന
സ്സിലാക്കുകയുംതിരുവെഴുത്തു കാണിക്കുകയുംചെയ്തപ്പോൾ അവർ ഭഗ്നോ
ത്സാഹികളായി വാദം നിർത്തി സമാധാനപ്പെട്ടു. ആ ജനസമൂഹത്തി
ൽ തന്നെ വളരെ ഭക്തനും വൃദ്ധനുമായ ഒരുതാപസനുണ്ടായിരുന്നു. അ
യാൾക്ക് ഈ ഛായാചിത്രത്തോട് അത്യധികമായ ഒരു ഭക്തിയും ബഹു

മാനവും തോന്നി. ആ പടം ചേത്തു വച്ചിരുന്ന ഒരു ഇഷ്ടികമേൽ ദൃഷ്ടി പതിച്ചപ്പോൾ ആ ഇഷ്ടികയിൽ പ്രഭാമയമായ ചായ പ്രതിഫലിച്ചിരുന്നതു് കാണ്മാനിടയായി. അതുകൊണ്ടു് സംതൃപ്തരായി ഭവിച്ച ആ പട്ടണ വാസികൾ അനന്യാസിനെ വളരെ ബഹുമാനപൂർവ്വം സല്ക്കരിച്ചു് ഏദസ്സായിലേക്കു് അയച്ചു.

അനന്തരം പട്ടണ മദ്ധ്യത്തിൽ വിശേഷമായ (ക) ഒരു പുഷ്പ മന്ദിരം പണി കഴിപ്പിച്ചു് ഇഷ്ടികയിൽ പതിഞ്ഞ ചായാപടം അതിൽ സ്ഥാപിച്ചു് വന്ദനകൾ ചെയ്യുവന്നു. ഈ പടം മൂലം അനേകം അത്ഭുതങ്ങൾ അദ്യാപി നടന്നുവരുന്നു. അനന്യാസു് ഏദസ്സായിൽ എത്തി തിരുപ്പെഴുത്തും ചായാപടവും രാജസന്നിധിയിൽ സമർപ്പിച്ചു. രാജാവു് ഭക്തി ബഹുമാനപൂർവ്വം വിശിഷ്ടമായ ഒരു സിംഹാസനം അലങ്കരിച്ചു് അതിൽ (യേശുക്രിസ്തുവിന്റെ) ആ തിരുപ്പടത്തെ സ്ഥാപിച്ചു് ആരാധനസ്തോത്രങ്ങൾ ചെയ്യുവന്നു.

രാജാവിന്റെ ഭക്തിവിശ്വാസങ്ങളോടുകൂടിയുള്ള ആരാധനയുടേയും പരിശുദ്ധ ജീവിതത്തിന്റേയും ഫലമായി കുഷ്ഠരോഗം ക്രമേണ ഭേദപ്പെട്ടു തുടങ്ങി. എങ്കിലും പൂർണ്ണസുഖം കിട്ടിയില്ല. ഭക്ഷണം കഴിക്കുന്നതിനും പൂന്തോട്ടത്തിൽ സഞ്ചരിക്കുന്നതിനും മന്ത്രിമാരുമായി സംഭാഷണം നടത്തുന്നതിനും മറ്റും ഒരുവിധം കഴിവുണ്ടായി. എന്നാൽ യേശുനാഥന്റെ സന്ദേശത്തിൽ സൂചിപ്പിച്ചിരുന്ന പ്രകാരം പൂർണ്ണമായ രോഗശാന്തി ലഭിച്ചില്ല.

ക്രിസ്തു അദ്ദേഹത്തിന്റെ മരണത്തിന്റെ തലേ നാൾ ഗത്ത്സമനി എന്ന തോട്ടത്തിൽ ഭൂലോക പാപ പരിഹാരത്തിനായി തന്റെ പിതാവിനോടു പ്രാർത്ഥിച്ച സമയം തിരുത്തലയും തിരുമുഖവും രക്തവിയർപ്പാൽ നനഞ്ഞു. അപ്പോൾ തിരുമുഖം തുടച്ച തുവാലയിൽ അങ്ങേ മുഖചായ പതിഞ്ഞു കണ്ടു. അതു് നമ്മുടെ ജ്ഞാന പിതാവു് വി. തോമ്മാശ്ലീഹാ എടുത്തു സൂക്ഷിക്കയും യേശുവിന്റെ സ്വർഗ്ഗാരോഹണാനന്തരം, വി. തോമ്മാ തന്റെ ശിഷ്യനായ "തദ്ദേവൂ" എന്ന മഹാത്മാവിനെ ഈ പടവും കൊടുത്തു് അബ്ഗാരു രാജാവിന്റെ അടുക്കലേക്കു് അയച്ചു.

അദ്ദേഹം ഒരു വൈദ്യന്റെ വേഷത്തിൽ ഏദസ്സായിലേക്കു പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ വച്ചുതന്നെ അനേകം രോഗികൾ ഈ മഹാത്മാവിനെ അനുഗമിക്കയും യേശുക്രിസ്തുവിന്റെ നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും രോഗങ്ങൾ സൌഖ്യമാക്കുകയും ചെയ്തു.

(ക) പിന്നീടു് ഈ പുഷ്പ മന്ദിരം ഒരു ക്രിസ്തീയ ദേവാലയമായി തീർന്നു.

അനന്തരം ഏദസ്സാമിന്റെ ഉത്തര ഭാഗത്തായി "തോബിയാസ്" എന്ന പേരുള്ള ഒരു യഹൂദന്റെ ഭവനത്തിൽ എത്തി താമസിച്ചു. അവിടെയും അനേകം ജനങ്ങൾ എത്തിക്കൂടുകയും അദ്ദേഹത്തിന്റെഉപദേശം കേട്ട് ക്രിസ്തുവിൽ വിശ്വസിച്ച് ജ്ഞാനസ്നാനപ്പെടുകയും രോഗികൾക്കു സുഖവും കുരുടന്മാക്കു കാഴ്ചയും ഊമകൾക്കു സംസാരിപ്പാനുള്ള വശവും ലഭിക്കയും ചെയ്തിരുന്നു. ഈവിധമുള്ള അത്ഭുത വൃത്താന്തം രാജ്യമാകെ പരന്ന് രാജധാനിയിലും എത്തി. അബ്ഗാരു മഹാരാജാവു് ഈ വർത്തമാനം അറിഞ്ഞപ്പോൾ യേശുക്രിസ്തു തനിക്ക് ദയാപൂർവ്വം നൽകിയ സന്ദേശത്തിൽ പറഞ്ഞിരിക്കുന്ന ആൾ ഇദ്ദേഹംതന്നെ എന്ന് വിശ്വസിച്ചു. "തദ്ദേവുവിന്റെ അടുക്കൽ രാജഭൃത്യന്മാരെ അയച്ച് അദ്ദേഹത്തെ രാജധാനിയിൽ കൊണ്ടുവന്നു. രാജാവു് ഈ മഹാത്മാവിനെ വളരെ ആദരപൂർവ്വം ബഹുമാനിച്ച് ഒരുന്നത സ്ഥാനത്തു സ്വീകരിച്ചു. "തദ്ദേവു" മഹാരാജാവിനെ അനുഗ്രഹിക്കയും തന്റെ രക്ഷിതാവായ യേശുവിന്റെ നാമത്തിൽ ആശീർവ്വദിക്കയും താൻ സംഗ്രഹിച്ചിരുന്ന തിരുപ്പടത്തെ രാജാവിനു കൊടുക്കുകയും ചെയ്തു.

അബ്ഗാരു മഹാരാജാവു് ആ തിരുപ്പടത്തെ ആശാപൂർവ്വം വാങ്ങി മനസ്സാപത്തോടും വണക്കത്തോടും കൂടെ മുത്തുകയും തൽക്ഷണം തന്നെ ശേഷിച്ചിരുന്ന കുഷ്ഠരോഗം നീങ്ങി പൂർണ്ണസൌഖ്യം പ്രാപിക്കയുമുണ്ടായി.

തദനന്തരം അബ്ഗാരു മഹാരാജാവു് കുടുംബ സഹിതം ക്രിസ്തുവിൽ വിശ്വസിക്കയും ഈ വിശുദ്ധന്റെ ഉപദേശം സ്വീകരിച്ച് ജ്ഞാനസ്നാനപ്പെടുകയും ചെയ്തു.

പ്രാർത്ഥനാവൈഭവം.

(റവ. ജോൺ എസ്സ്. ജെ. കിഴക്കേതയ്യിൽ.)

അസുമന സൂര്യന്റെ പൊൻ കതിർകളാൽ പ്രശോഭിതമായ ഒരു സായാഹ്നം മന്ദം മന്ദം അടിച്ചുകൊണ്ടിരുന്ന മന്ദമാരുതനിൽ വിശ്രമിച്ചുകൊണ്ട ഒരു വൈദികൻ തന്റെ ദേവാലയത്തിനു സമീപം നടക്കുകയായിരുന്നു. പെട്ടെന്നു തന്റെ ഏകാന്തതാപം ഭഞ്ജിപ്പിച്ചു

കൊണ്ടു ഏകദേശം പന്ത്രണ്ടു വയസ്സുള്ള ഒരു യുവാവു അദ്ദേഹത്തിന്റെ മുൻപിൽ എത്തി ഭക്തിപുരസ്സരം വണക്കം ചെയ്തുനിന്നു. അവന്റെ ആഗമനത്തോടുകൂടി വൈദികൻ അയാളെ ഒന്നു നോക്കി,, മകനെ, നീ ആരാകുന്നു ?,, എന്നു പിതൃവാത്സല്യത്തോടെ ചോദിച്ചു. യുവാവു ഈ ചോദ്യം കേട്ടു അത്ഭുതപ്പെട്ടവനെപോ എന്നു തോന്നുമാറു. അച്ചാ, അങ്ങു എന്നെ അറിയുന്നില്ലെ! എന്നു പറ്റക്കാരനോടുതന്നെ ചോദിക്കയായി. ഒരുപക്ഷെ മുഖത്തുപം നല്ലവണ്ണം മനസ്സിലാക്കിയില്ലയോ എന്നു ശങ്കിച്ചു ആ ഗുരുവരൻ അവനെ ആപാദചൂഡം വീണ്ടും സൂക്ഷ്മമായി വീക്ഷിച്ചെങ്കിലും ആളിനെ അറിയുവാൻ സാധിക്കാഞ്ഞതുകൊണ്ടു "മകനെ, നിന്നെ ഞാൻ അറിയുന്നില്ല; നിന്നെ എവിടെയെങ്കിലും കണ്ടതായും ഞാൻ ഓർക്കുന്നില്ല" എന്നു മറുപടി പറഞ്ഞു.

ഈ മറുപടി കേട്ടു യുവാവു ഏറ്റവും ദീനസ്വരത്തിൽ ഈ വിധം തന്റെ ചരിത്രം പറയുവാൻ തുടങ്ങി.

"ബഃ അച്ചാ! എനിക്കു ഏകദേശം പതിനഞ്ചു വയസ്സു പ്രായമായിരുന്നപ്പോൾ എന്റെ പിതാവു മരിച്ചുപോയി. അതിന്റെ ശേഷം ഞാൻ എന്റെ വാത്സല്യഅമ്മയുടെ സംരക്ഷണയിലാണ് വളർന്നുവന്നതു്. അവളുടെ സദുപദേശമനുസരിച്ചു ഞാൻ ദൈവത്തിനും എന്റെ സ്നേഹമാതാവിനും ഏറ്റവുംഇഷ്ടമുള്ളഒരുപുത്രനായി ജീവിച്ചുവന്നു.

എന്നാൽ ഈ ജീവിതക്രമം അധികനാൾ നീണ്ടില്ല. ഞാനും ലോകരീതിയ്ക്കനുസരിച്ചു് ചില ഇഷ്ടന്മാരോടു് സ്നേഹം പിടിച്ചു തുടങ്ങി. പക്ഷെ അവർ എല്ലാവരും നല്ലവരെന്നോ ? കാലാന്തരത്തിൽ അവർ മുൻപല്ലുകൊണ്ടു് ചിരിക്കുകയും, പിൻപല്ലുകൊണ്ടു കടിക്കുകയും" ചെയ്യുന്ന കപടഹൃദയന്മാരാണെന്നു് എനിക്കനുഭവപ്പെട്ടു. എങ്കിലും അവരെ മുഷിപ്പിച്ചു് അവരുടെ സ്നേഹത്തിൽ നിന്നും പിൻമാറുന്നതിനു് എനിക്കു ധൈര്യം വന്നില്ല. കാലക്രമേണ ഞാനും അവരുടെ ദുരാചാരങ്ങളിലും ദുരാഗ്രഹങ്ങളിലുംപങ്കുകൊണ്ടു ഒരു ദുർവൃത്തനായി തീർന്നു. 'സംസർഗ്ഗജാ ദോഷഗുണാ ഭവന്തി'

ഇതോടു കൂടി എന്റെ ജീവിതരീതി ആകപ്പാടെ ഒന്നുമാറി. ദിവസംതോറുമുള്ള പ്രാർത്ഥനകളിലും ഭക്തികൃത്യങ്ങളിലും ഞാൻ മന്ദനായിതീർന്നു. പള്ളിയിൽ പോയികുർബാന കാണുന്നതു് എനിക്കുഅസഹ്യമായി തോന്നിയതുമല്ലാതെ വെറുപ്പുകൂടെയും വരുത്തി തുടങ്ങി. ഇതുമാത്രമോ? ഞാൻഅതിപക്ഷത്തോടെ സ്നേഹിച്ചിരുന്ന എന്റെ അമ്മയുടെസദുപദേശങ്ങൾ അനുസരിച്ചു നടക്കുന്നതിനു പകരം അവളെ നിന്ദിക്കുവാനും പരിഹസിക്കുവാനും തുടങ്ങിയതുമല്ലാതെ ചിലപ്പോഴെല്ലാം അവളെപ്രഹരാദികഷായംസേവിപ്പിക്കുവാനുംതുടങ്ങി.ആ എന്റെജീവിതംഏറ്റവുംനികൃഷ്ടമായിതീർന്നു.ഒന്നിനൊന്നിനുഞാൻപാപത്തിൽ ആണ്ടു

ഒരു വൈശാചികപുരുഷനായിത്തന്നെ പരിണമിച്ചു. എന്റെ സ്നേഹമാതാവിന്റെ ക്രൂരക്രൂരയുള്ള അപേക്ഷകളും കണ്ണുനീരും 'പൊട്ടന്റെ ചെവിയിൽ കൊട്ട വോലെ' എനിൽ ഒരു മാറ്റവും ഉണ്ടാക്കിയില്ല.

ഇപ്രകാരം ഞാൻ ജീവിക്കുമ്പോഴത്തെ അച്ചൻ ഞങ്ങളുടെ വള്ളിയിൽ ഒരുധ്യാനം നടത്തുവാൻ വന്നതു്. ത്രിദിനധ്യാനത്തിന്റെ മുഖവുരയായി തലേനാൾ അങ്ങനെ ഒരു പ്രസംഗം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു ഞാൻ അറിഞ്ഞു, ഈ ഉദ്യമത്തിനു എങ്ങിനെയെങ്കിലും ചിലകലഹങ്ങൾ ഉണ്ടാക്കി ഭംഗം വരുത്തണമെന്നുള്ള ഏകോദ്ദേശാത്മാ ഞാനും കൂട്ടുകാരും കാലേ കൂട്ടിദേവാലയത്തിൽസ്ഥലംപിടിച്ചു.

പ്രസംഗത്തിനു സമയമായി. അങ്ങനെ പ്രസംഗപീഠം സമീപിച്ചപ്പോൾ വ്യസനാക്രാന്തയായ ഒരു സ്ത്രീരത്നം അങ്ങയുടെ കയ്യിൽ ഒരുപേക്ഷകെട്ടു ഏല്പിച്ചു. എഴുത്തു പൊട്ടിച്ച അച്ചൻ ഒരു നിരാധാരയായ വിധവ തന്റെ ഏകപുത്രന്റെ മാനസാന്തരത്തിനായിഎല്ലാവരുടെയും പ്രാർത്ഥന യാചിച്ചു കൊള്ളുന്നു, എന്നു് ഉച്ചത്തിൽ വായിച്ചപ്പോൾ എല്ലാവരും പ്രസ്തുതഉദ്ദേശത്തിനായി പ്രാർത്ഥിക്കുവാൻ തുടങ്ങി. ആ സ്ത്രീ ആരായിരുന്നെന്നു ഞാൻ അപ്പോൾ മനസ്സിലാക്കിയില്ല.

പ്രാർത്ഥന തുടങ്ങിയക്ഷണത്തിൽ അത്ഭുതമേ; കലഹംഉണ്ടാക്കുവാൻ കരുതിപുറപ്പെട്ട എന്റെ ഹൃദയത്തിൽ ഉണ്ടായ മാറ്റം എന്തായിരുന്നു. എന്റെ തല്ക്കാലികജീവിതസ്മരണഹൃദയഭേദകമായി തീർന്നു. വ്യസനാതിരേകത്താൽ ഞാൻ വാവിട്ടു കരഞ്ഞുപോയി. കണ്ണുനീർ തുള്ളികൾ ധാരധാരയായി ഒഴുകി എന്റെ വസ്ത്രം കൂടെയും നനച്ചു. എന്റെ ഹൃദയം തളർന്നുപോയി.

ഈ നൂതന സംഭവവും അപ്രതീക്ഷിതമാറ്റവും കണ്ടു് സ്നേഹിതർ എന്നെ പരിഹസിച്ചു ദേവാലയം വിട്ടുവെളിയിൽ പോയി. എന്നാൽ എന്നിലുണ്ടായ യഥാർത്ഥ മനസ്താപം അണുപോലും കുറഞ്ഞില്ല. പിന്നയൊ ഞാൻ അങ്ങയുടെ പ്രസംഗം ഏറ്റവും ശ്രദ്ധയോടെ കേട്ടു. എന്റെ പാപങ്ങളിന്മേൽ നേരായി മനസ്താപപ്പെട്ട അന്നു തന്നെ അച്ചന്റെ പക്കൽ വന്നു ഒരു നല്ലകുമ്പസാരം കഴിച്ചു.

അന്നു് സകലരുടെയും പ്രാർത്ഥന യാചിച്ച വിധവ എന്റെ നിർഭാഗ്യ അമ്മയായിരുന്നു. ആ തരുണീരത്നം എന്റെ ദുർമാർഗ്ഗജീവിതത്താൽ അതിയായി പരിതപിച്ചു് എന്റെ മാനസാന്തരാർത്ഥം ദൈവത്തിങ്കൽ ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു. ഈ ഉദ്ദേശത്തിനായി അവൾ അനുഷ്ഠിച്ച ഉപവാസങ്ങളും ജപതപക്രിയകളും നിരവധിയത്രെ. അവൾ ചിന്തിയ കണ്ണുനീരും അധികം.

കത്തോലിക്ക പത്രങ്ങളുടെ

പത്തു പ്രമാണങ്ങൾ.*

൧) ഒന്നാമത്തു നിന്റെ പത്രം ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു പത്രം നിനക്കുണ്ടാകരുതു.

൨) രണ്ടാമത്തു മറ്റൊരുവന്റെ പത്രം നീ ബലാദുപയോഗിക്കരുതു; സ്വന്തമായി ഒന്നുവരുത്തുക.

൩) മൂന്നാമത്തു ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പത്രങ്ങൾ പ്രചരിപ്പിക്കുക.

൪) നാലാമത്തു പത്രം നല്ലപ്രായത്തോളം ഭൂമിയിൽ പ്രചരിക്കുവാനായി അതിൽ പരസ്യങ്ങൾ ചേർക്കയും അതിന്റെ വരിപ്പണം അയക്കുകയുംചെയ്ക.

൫) അഞ്ചാമത്തു പത്രങ്ങളേപ്പറ്റി ദൂഷണം പറയരുതു.

൬) ആറാമത്തു കത്തോലിക്കമതത്തെ അധിക്ഷേപിക്കുന്ന അകത്തോലിക്ക പത്രങ്ങളുടെ വരിക്കാരാകരുതു.

൭) ഏഴാമത്തു അന്യർ വരുത്തുന്ന പത്രങ്ങൾ അപഹരിക്കരുതു.

൮) എട്ടാമത്തു പത്രങ്ങളിലേയ്ക്കു ഒരിക്കലും 'പൊളി' എഴുതി അയക്കരുതു.

൯) ഒമ്പതാമത്തു യാത്രചെയ്യുന്ന അവസരങ്ങളിലെല്ലാം കത്തോലിക്കപത്രങ്ങൾ കൈവശം ഉണ്ടായിരിക്കേണ്ടതും, പരസ്യസ്ഥലങ്ങളിൽവച്ചു അവയെ വായിക്കേണ്ടതും, തദ്വാരാ അവയുടെ പ്രശസ്തി വർദ്ധിപ്പിക്കേണ്ടതുമാകുന്നു.

൧൦) പത്താമത്തു നീ വരുത്തിക്കൊണ്ടിരിക്കുന്ന പത്രം ഒരിക്കലും നിഷേധിക്കരുതു.

ഈ പത്തു പ്രമാണങ്ങൾ, രണ്ടു പ്രമാണങ്ങളിലടങ്ങും, അതായതു എല്ലാ പത്രങ്ങളേക്കാൾ, കത്തോലിക്ക പത്രങ്ങളെ സ്നേഹിക്കുന്നതും, രണ്ടാമതു തന്നെത്താൻ സ്നേഹിക്കുന്നതുപോലെ കത്തോലിക്ക പത്രങ്ങളെ സ്നേഹിക്കുന്നതുമാകുന്നു.

---

* With apologies to Moses.

വർത്തമാനകുറിപ്പുകൾ.

കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്കു ഹോളണ്ടു രാജ്യത്തിൽ ഒരു നൂറു യഹൂദന്മാർ കത്തോലിക്കരായിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗവും പ്രൊട്ടസ്റ്റന്റുകാരാണ്.

—*—

ജഗൽപ്രസിദ്ധനായ ഹെന്റിനൂമാന്റെ മാനസാന്തരത്തിനു ശേഷം നൂറോളം പ്രോട്ടസ്റ്റന്റു വൈദികന്മാർ കത്തോലിക്കരായി തീർന്നിട്ടുണ്ടെന്നുകാണുന്നു.

—*—

ഹോളണ്ടു ഗവമ്മെണ്ടിലെ ഇപ്പോഴത്തെ ഭരണീയ കക്ഷി കത്തോലിക്കരുടേതാണെന്ന് അറിയുന്നു.

—*—

ആലുവായിൽ നിന്നും രണ്ടു മൈൽ അകലെ ചുണങ്ങുംവേലി എന്ന സ്ഥലത്തു സെന്റു ജോസഫ്സ് മൌണ്ടു സാധുവൃദ്ധ ജനമന്ദിരം എന്ന അഭിധാനത്തിൽ ഫ്രൻസിസ്കൻ സെപ്റ്റമ്പർ ഫാമിലി മൂലം ഒരു സ്ഥാപനം പാവപ്പെട്ടവരുടെ ഒരു കൊച്ചു സഹോദരികൾ എന്ന കന്യകകളുടെ ഭരണത്തിലും ആലുവാ ഇംഗ്ലീഷ് ഹൈസ്ക്കൂൾ മാനേജർ റവ: ഫാദർ വർഗ്ഗീസു പയ്യപ്പള്ളി അവർകളുടെ മേൽനോട്ടത്തിലും ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതായും പ്രസ്തുത വൃദ്ധജനങ്ങൾ ഇപ്പോൾ സംരക്ഷിക്കപ്പെട്ടവരാനതായും അറിയുന്നു. ടി. സ്ഥാപനത്തിലേയ്ക്കുള്ള ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് റവ: ഫാദർ പയ്യപ്പള്ളി ഒരു ലേഖനം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തികാണുന്നു. ഈസദുദ്യമത്തിൽ റവ: ഫാദർവർഗ്ഗീസിനെ മദ്ധ്യസ്ഥൻ വായനക്കാരും യഥാശക്തി സഹായിക്കേണമെന്നുഞങ്ങൾശുപാർശചെയ്യുകെള്ളുന്നു.

—*—

വരാപ്പുഴ അതിരൂപതയിലെ ക്ലേരിമാർ പുത്തൻപള്ളി സെമിനാരിയിൽനിന്നും 1928ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള „ശ്രീയേശുസന്ദേശം„ എന്ന ചെറുപുസ്തകം കൃതജ്ഞതാപൂർവ്വം സ്വീകരിച്ചിരിക്കുന്നു. ഫാപ്പുറായുടെ മെത്രാപ്പോലീത്തായായിരുന്ന മൊൺസിഞ്ഞോർ ജോസഫ് അന്തൊണി ഡി. ഡി. എഴുതിയതുപലേയുറോപ്യൻഭാഷകളിലേയ്ക്കും വണ്ടുതന്നെഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ളതുമായഒരുസ്പാനീഷ്ഗ്രന്ഥമാണു ശ്രീയേശുസന്ദേശത്തിന്റെ മൂലം. ഒരുപിതാവു് വത്സല്യഭാജനമായപുത്രനോടു നിത്യസത്യങ്ങളെപ്പറ്റി ഉപദേശിക്കുന്നരീതിയിലാണു പുസ്തകം രചിക്കപ്പെട്ടിരിയ്ക്കുന്നതു്. ആദ്ധ്യാത്മികപരമായ ഈ പുസ്തകം 4 അണവിലയ്ക്കു പുത്തൻപള്ളിസെമിനായിലെ കൺവേഷൻപീഠിൽനിന്നു് കിട്ടുന്നതാണ്.

വന്ദ്യമെത്രാനച്ചൻ തിരുമനസുകൊണ്ടു തിരുവനന്തപുരത്തു ചെന്നു മഹാരാജാവു തിരുമേനിയേയും അമ്മറാണിതിരുമേനിയേയും മുഖംകാണിച്ചു മടങ്ങിയിരിക്കുന്നു. തിരുവനന്തപുരത്തുവച്ചു പ്രതിയദിവാൻജിയേയും സന്ദർശിക്കുകയുണ്ടായി.

—*—

മലങ്കരയുടെ മെത്രാപ്പോലീത്താ മാർ അത്തനാസ്യോസു തിരുമനസുകൊണ്ടു, കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ തിരുമേനിയോടുകൂടി ഈ മാസം 6-ാം൹ അരമനയിൽ എത്തുകയുണ്ടായി. കോട്ടയം മെത്രാൻ അവർകൾ 9-ാം൹ തന്നെ മടങ്ങി. മെത്രാപ്പോലീത്താ പിറേറന്നു മണിയോട്ടുകൂടിയും തിരിച്ചുപോയിരിക്കുന്നു.

—*—

മി. കൊല്ലക്കാരൻ നൈനാ ഡാനിയേൽ എന്നൊരാൾ മി. ഐ സി. യുടെ പേരിൽ കൊടുത്തിരുന്ന അപകീർത്തിക്കേസ്, ചെങ്ങന്നൂർ ഒന്നാംക്ലാസു മജിസ്ട്രേട്ടു കോടതിയിൽ വിചാരണയ്ക്കെടുക്കുകയുണ്ടായി. വാദിയും പ്രതികളും ഇരുഭാഗം വക്കീലന്മാരും ഹാജരുണ്ടായിരുന്നു. പ്രതികളുടെ അപേക്ഷപ്രകാരം, അവർക്കു പകരം വക്കീൽ ഹാജരായാൽ മതിയെന്നു കോടതി സമ്മതിക്കയും കന്നി 17-ാ൹ തീയതിക്കു അവധി മാറുകയും ചെയ്തിരിക്കുന്നു.

—=—

ശ്രീമാൻ ഐ. സി. ചാക്കോയെ അനുമോദിക്കുവാൻ ടി. കേസിലേക്കു വേണ്ട ധനസഹായം ചെയ്യാൻ കേരളത്തിൽ പല ഭാഗങ്ങളിലും, ഈ പ്രവർത്തിയിലെ പല ഇടവകകളിലും മീറ്റിങ്ങുകൾ കൂടി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

മരണവാർത്തകൾ

കാഞ്ഞിരത്താനംപള്ളി ഇടവക താന്നിക്കുഴിയിൽ ഔസേപ്പു അന്ത്യക്രിയാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു നൂ-ാമത്തെവയസ്സിലും

മരങ്ങാട്ടുപിള്ളിപ്പള്ളി ഇടവക മറ്റപ്പള്ളിൽ ബ: ആഗസ്തിഅച്ചൻ അന്ത്യക്രിയാശകളൊക്കെയും സുബോധത്തോടെ കൈക്കൊണ്ടനൂൻ-ാമത്തെ വയസ്സിലും

കുമരകം നസ്രത്തുപള്ളി ഇടവക തെയ്യിപ്പറമ്പിൽ അവിരാകുരുവിള അന്ത്യക്രിയാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു നൻ-ാമത്തെ വയസ്സിലും

മേലുകാവു പള്ളിയിടവക തെക്കേക്കുന്നേൽ തൊമ്മൻ അന്ത്യക്രിയാശകളെല്ലാം കൈക്കൊണ്ടു നൂ-ാമത്തെവയസ്സിലും കത്തോവിൽനി

ശ്രമിച്ചിരിക്കുന്നു. ഇവരുടെ നിത്യശാന്തിക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചുകൊള്ളണം.

എ. പെ. പെ. ബ.

മെത്രാനച്ചൻതിരുമനസ്സിലെ

പള്ളിസന്ദർശന

പ്രോഗ്രാം

ഫൻറൻ സെപ്റ്റംബർ

ഫന്ന—ാംദ- തിങ്കൾ ഉച്ചകഴിഞ്ഞു ന മണി കുമ്പനാടം
ഫവ—ാംദ- ബുധൻ കാലത്തു ഒ മണി കുന്നുപുള്ളി
„ ടി ഉച്ചകഴിഞ്ഞു ര മണി നെടുങ്കുന്നം
വഠ—ാംദ- വെള്ളി കാലത്തു ഒ മണി ചമ്പക്കര
„ ടി ഉച്ചകഴിഞ്ഞു ര മണി തോട്ടക്കാട്ട്
വഫ—ാംദ- ശനി ടി ര മണി അരമന
വന—ാംദ- തിങ്കൾ കാലത്തു ഒ മണി തുകൊടിത്താനം
„ ടി ഉച്ചകഴിഞ്ഞു ര മണി പായിപ്പാട്ട്
വര—ാംദ- ചൊവ്വാ ടി ര മണി അരമന

ഫ. അരമന } കല്പനപ്രകാരം
ന ഫ—വ—വർ. } വി. ജനറാൾ.

മതുകായുവാവ്!

വില അണ ൈ മാത്രം.

ഗ്രന്ഥകർത്താവ്: ദിവ്യശ്രീ മറവന്തിൽ കുഴുൻ കത്തനാർ—

കട്ടിയും മേനിയും ഉള്ള കടലാസു. ഫാാ-ൽ പരം പക്ഷങ്ങൾ. ര നല്ല ചിത്രങ്ങൾ! ഒരു നോവൽ പോലെ വായിക്കാൻ രസമുള്ളതും. ഉടനെ അപേക്ഷിക്കുക.

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ,
ചങ്ങനാശേരി.

മനോഹ്ലണവാർത്തകം

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥത്തിൽ ളാലംപഴയപള്ളി ഇടവക പുത്തൻപുരയ്ക്കൽ കുഞ്ഞു കൊച്ച് അവർകളുടെ കുട്ടിയുടെ രോഗം ശമിച്ചതിന് ഒരു രൂപാ അയയ്ക്കുന്നു.

അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു സുഖക്കേട് വി: കൊച്ചുത്രേസ്യാപുണ്യവതിയുടെസഹായത്താൽ സൌഖ്യമായതിനു കൃതജ്ഞത, രൂ. ൨.


കാണാതെ പോയ ഒരു വസ്തു വി; കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ തിരിച്ചു കിട്ടിയതിനു ഉപകാരസ്മരണയായി ഒരു രൂപാ അയക്കുന്നു.

ഒരു മടിശീലയും പണവും നഷ്ടപ്പെട്ടതിൽ കൊച്ചുത്രേസ്യാപുണ്യവതിയുടെ മദ്ധ്യസ്ഥത്തിൽ തിരിച്ചുകിട്ടിയതിനു നന്ദി: ഒരുരൂപാ അയയ്ക്കുന്നു. ൧൨—ാം നമ്പർ പരസ്പരസഹായ അർബൻബാങ്ക് സെക്രട്ടറി, ചങ്ങനാശേരി.

പരസ്യങ്ങൾ.

വന്നിരിക്കുന്നു! ഒന്നാം തരം വന്നിരിക്കുന്നു!!

ആനമാക്ക് ഓട്ടുകൾ.



ഒറയാന! ഇരട്ടയാന!!

സുപ്രസിദ്ധമായ

"കൊല്ലം ഹാരിസൺ ക്രോസ്സ് ഹീൽഡ് കമ്പനി" വക എല്ലാത്തരം മേച്ചിൽ ഓട്ടുകൾ; മരാമത്തുവകപ്പുകാരാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഇഷ്ടിക ദിനസ്സുകൾ, കമനീയങ്ങളായ പൂച്ചട്ടികൾമുതലായവമിതമായ വിലയ്ക്ക് ആവശ്യക്കാർക്ക് കൊടുക്കുന്നതിന് ഞങ്ങൾ സദാ തയാർ.

ആറ്, റോഡ്, മുതലായ ഗതാഗതസൌകര്യങ്ങളുള്ളേടത്തിച്ച് ഞങ്ങളുടെ ഏജൻസി ആഫീസ്, പാലാ കോട്ടയം റോഡിൽ കുരുവിനാൽ കുരിശുപള്ളിയുടേയും തോപ്പിൽ പീടികയുടേയും സമീപം സ്ഥാപിച്ചിരിക്കുന്നു. മെച്ചമേറിയ കൊല്ലം ഓട്ടുകൾ വാങ്ങിക്കുന്നതിനായി ആവശ്യക്കാർ യാത്രാക്ലേശവും അനാവശ്യനഷ്ടവും മേലാൽ സഹിക്കേണ്ടതില്ലാ.

Messrs, Joseph & Joseph.
General Merchants, Cherppumkal.

അഞ്ചു വിശിഷ്ട ഗ്രന്ഥങ്ങൾ.

1. പ്രണയപ്രവാഹം(ശ്രീമാൻ പി. ഉലഹന്നൻമാപ്പിള എഴുതിയതു. റവ. ഡാക്ടർ ഏബ്രഹാം വടക്കയിൽബി. എ. അവർകളുടെപ്രൗഢമായ അവതാരികയോടുകൂടിയതു) വില ണ 12

ദിവ്യശ്രീ മറ്റത്തിൽ കുഴുൻകത്തനാർ അവർകളുടെ

2. വിമർശന വിഹാരം " " 4
3. സന്മാതൃകാഫലം " " 1 6
4. ഒരുപഞ്ചിയോ പലപഞ്ചിയോ " " 2
5. മാതൃകായുവാവു് " " 7

അപേക്ഷിക്കുക, 'മദ്ധ്യസ്ഥൻ' ബുക്ക്ഡിപ്പോ,
ചങ്ങനാശേരി.

സ്തോത്രമാല അഥവാ വണക്കമാസപ്പാട്ടുകൾ.

പരിഷ്കരിച്ച പതിപ്പു്.

ഈശോയുടെ തിരുഹൃദയത്തിന്റെയും, പരിശുദ്ധ ദേവമാതാവിന്റെയും, മാർ യൌസേപ്പു പുണ്യവാന്റെയും, പുതിയ രീതിയിലുള്ള സ്തുതിപ്പുകൾ പ്രത്യേകം പ്രത്യേകം ചേർത്തിട്ടുള്ളതു കൂടാതെ ചെറിയ ഏഴു മണിജപം, വ്യാകുല ജപം, ആഴ്ച ജപങ്ങൾ മാതാവിൻ വ്യാകുല പ്രലാപം ഇവയും ചേർത്തു് ഇതാ പ. ദേവമാതാവിൻ സ്തോത്ര മാലയുടെ പരിഷ്കരിച്ച മൂന്നാം പതിപ്പു് നല്ല മേനിയുള്ള കടലാസ്സിൽ അടിച്ചു തയ്യാറാക്കിയിരിക്കുന്നു. ആവശ്യക്കാർക്ക് മൊത്തമായും ചില്ലറയായും എപ്പോഴും കൊടുപ്പാൻ തയ്യാർ. മൊത്തത്തിനു് എടുക്കുന്നവർക്ക് പ്രത്യേകം കമ്മീഷൻ അനുവദിക്കപ്പെടും. പുസ്തകം ഒന്നിനു വില ചക്രം $4\frac{1}{2}$ മാത്രം.

അപേക്ഷിക്കേണ്ടും മേൽ വിലാസം മനേജർ.
പി. പാപ്പി കമ്പിനി. മാന്നാനം.

ഇവിടെനോക്കുക!

മെഴുകുതിരി! മെഴുകുതിരി

മിതമായവില! മെച്ചമായചരക്കു!

പള്ളി ആവശ്യത്തിലേക്കുള്ള അൽത്താര തേൻമെഴുകുതിരികൾ പലസയിസ്സിലും രൂക്കത്തിലും വില്പനയ്ക്കു തയ്യാറുണ്ടു്. കൂടാതെസ്പ്രിങ്ങിലേക്കു ഉപയോഗിക്കാവുന്ന ചെറുതരം തിരികളുമുണ്ടു്.

എസ്. കുന്നത്തു് അവുസെപ്പു് അവുസെപ്പു്
തുരുത്തി, ചങ്ങനാശേരി

റബ്ബേക്കു സാമാനങ്ങൾ.

ചരട്ടുകൾ

1–ാം	ചരട്ട	ചൈനാപ്പട്ട്	18	റീളം	വളയം	1–ന	0	13	0
2–ാം	,,	പിരിച്ചത്	7	,,	,,	,,	0	12	0
3–ാം	,,		2	,,	,,	,,	0	8	0
4–ാം	,,		1	,,	,,	,,	0	3	6

കമ്പികൾ

1–ാം	കമ്പിവളയം				1–ന്	0	1	6
2–ാം	,,			,,	,,	0	2	6
3–ാം	,,			,,	,,	0	3	6
4–ാം	,,			,,	,,	0	4	0
ആക്കുമുടിവളയം		1–ാംതരം		,,	,,	0	6	0
ആപ്പുസുകട്ട		1ാം	,,	,,	,,	0	5	0
	,,	2	,,	,,	,,	0	4	0
	,,	3	,,	,,	,,	0	2	0
	,,	4	,,	,,	,,	0	1	0
ആണി (Screw)			I=ന്			0	1	9
പേന്തി (Bridge)						0	1	3
പരന്തുവാൽ Tail (piece)			1–ന്			0	7	0

റബ്ബേക്കുകൾ.

ഈയ്യിടെ പുതുതായി ഫ്രാൻസിൽനിന്നും വന്നുചേർന്നിട്ടുള്ളതും ഏതു രൂപാ മുതൽ ഓരോ രൂപാവീതം വിലയുള്ളതും വിവിധ വർണ്ണങ്ങളോടുകൂടിയതുമായ റബ്ബേക്കുകൾ മിതമായവിലയ്ക്കു വില്പാൻ തയ്യാർ. ആവശ്യക്കാർ സ്ഥലത്തുവന്നുനോക്കി എടുക്കേണ്ടതാണ്. അഞ്ചൽ വഴിയായൊ തപാൽവഴിയായൊ അയച്ചുകൊടുക്കുന്നതല്ല.

മേൽവിലാസം മാനേജർ,
പി. പാപ്പി ആൻഡ് കൊ. മാന്നാനം.

വർണ്ണിഷിങ്ക് കൊ. പാലാ.

പള്ളികളിലേക്ക് ആവശ്യമുള്ള കാസാ, കുസ്സോതി, ധൂമക്കുറ്റി ആദിയായവ എപ്പോഴും വിൽക്കുന്നതിന് തയാറുണ്ട്. ഉയർന്തരം പട്ടിൽ നിർമ്മിതമായ അലുക്കു കുടകൾ എപ്പോഴും സ്റ്റോക്കിൽ ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ എല്ലാത്തരം മുക്കുവേലകളും ഇംഗ്ലീഷ് ബ്യൂറോയുടെ സഹായത്താൽ വളരെവൃത്തിയായി ചെയ്തുകൊടുക്കും.

വില എപ്പോഴും സഹായം. സാമാനങ്ങൾ ഏറ്റവുംതൃപ്തികരം.

ഭകുതസാമാനങ്ങൾ.

അല്യുമിനീയം വെന്തീങ്ങക്കാശ്രുരുപങ്ങൾ

				Rs.	As.	Ps.
324	കുക്കടവൃത്തം	ഡസൻ	1	0	3	0
231	നീളാകൃതി		:	0	3	0
337	വൃത്തം		:	0	3	0
328	,,		:	0	5	0
7030	ചതു ഇരട്ടത്തട്ട്		:	0	5	0
342	കുരിശാകൃതി		:	0	5	0
7023	ചതുര ഒറ്റത്തട്ട്		:	0	7	0
35	ഒറ്റത്തട്ട്		:	0	5	0
8	ഇത്താല്യൻകാശ്രു്		:	0	5	0
7031	ചതുര ഇരട്ട:വച്ചിയതു്		:	0	7	0
11	കുക്കടവൃത്തം		:	0	7	0
399	നക്ഷത്രഭാഷ		:	0	10	0
321	മുന്തിരിവള്ളിക്കെട്ട്		:	0	10	0
207	വിചിത്രകുരിശ്രു		:	0	10	0
298	കുരിശ്രുഭാഷ		:	0	9	0
101	വി. കൊ. ത്രേ. മെഴു.		:	0	3	0
102	,, ,, വലുതു്		:	0	5	0
24	കുക്കടവൃത്തം സൊഡാലിറ്റിവലുതു്		:	1	0	0
25	മുട്ടഭാഷ മെഴുതു്		:	0	10	0
5001	മുന്തിരിങ്ങാ ള്ളി:തിരുഹൃ:		:	0	12	0
5002	ശ്രു. കുർബാന		:	0	12	0

* കാശ്രുരുപങ്ങൾ ഒരേസമയത്തു 10 രൂപാസ്സു എടുന്നവർക്കു 10നു 2 കമ്മീഷൻ കൊടുക്കപ്പെടും

P pappy & Co. Mannanam.

വിഷയ വിവരണിക.

1. മംഗളം. അഭ്യുദയകാംക്ഷി.
2. അടുത്തമാസത്തിൽ.
3. പ്രസാധകക്കുറിപ്പുക ൾ.
4. പൊതുനിയോഗം.
5. കത്തോലിക്കരും വേദപുസ്തകവും.
   മി. എം. എം. മാണി, ഭരണങ്ങാനം.
6. വിനയത്തിന്റെ മാധുര്യവും ആനന്ദവും.
   ശ്രീമതി കെ. എ. ഏലി.
7. നന്മനിറഞ്ഞ മറിയം.
   മി എം. ഒ. ജോസഫ്, നെടുംകുന്നം.
8. വിശ്വാസം.
   മി. ജെ. കുയ്യൻ, വള്ളുവന്താ റ.
9. രാജാവായ അബ്ഗാരുവിന്റെ രോഗശാന്തി.
   പൊന്നാമറ്റത്തിൽ മി. ഔസേപ്പു മാപ്പിള
10. പ്രാർത്ഥനൈക്യവേദം.
    റവ. ജോൺ എസ്. ജെ, കിഴക്കേതയ്യിൽ.
11. കത്തോലിക്ക പത്രങ്ങളുടെ പത്തു പ്രമാണങ്ങൾ.
12. വർത്തമാനക്കുറിപ്പുകൾ.
13. മരണവാർത്തകൾ.
14. എ. വൈ. വൈ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ പള്ളി സന്ദർശന പ്രോഗ്രാം.
15. മനോഹരവാർത്തകൾ.
16. പരസ്യങ്ങൾ.
17 പഞ്ചാംഗം.

പഞ്ചാംഗം.

സെപ്റ്റംബർ മാ. കന്നി മാ.

ഇം.	മല.	
1.	16.	ഞാ. ✠ പന്ത. ദ്വി. കദ് ര. അറാ.
8.	23.	ഞാ. ✠ പന്ത. ത്രി. അറാ ന. കദ് . ത. മ. വിറ്റി.
15.	30.	ഞാ. ✠ പന്ത. ച. (ദുക്ലിവാ) കദ് യ. കർ. അട്ടത്തി ബുധൻ ഇ. വി.
22.	6.	ഞാ. ✠ പന്ത ഏവ്. കദ് ര. മെസ്.
29.	13.	ഞാ. ✠ പന്ത. ഛ. അറാ. ന. അറാ.
30.		തി. (അട്ടത്ത ര–ംനദ–. അദ്യവെള്ളി)

വരിക്കാർക്കു

പ്രത്യേക വിജ്ഞാപനം.

൧. മാസിക സംബന്ധിച്ചുള്ള സകല എഴുത്തുകുത്തുകളിലും അവരവരുടെ പേരുകളുടെ അടുത്തുള്ള നമ്പരുകൾ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്.

൨. മാസികയുടെ വ്യത്യാസം ഇഷ്ടമില്ലാത്തവർ തങ്ങളോടു മാസിക വാങ്ങിക്കുന്നവരെ മാറുകയോ വിരോധം പറയുകയോ ചെയ്യുമ്പോൾ അവരുടെ പേരുകൾ ഉടനെ അറിയിക്കേണ്ടതാകുന്നു.

൩. മാസികയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പേരുകളും യഥാർത്ഥത്തിൽ മാസിക വാങ്ങിക്കുന്നവരുടെ പേരുകളും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും ഉടനെ അറിയിച്ചു പേരുകൾ ശരിപ്പെടുത്തേണ്ടതാണ്.

എന്ന് മാനേജർ, മലയാളം.

ക്രിസ്തീയ വേദോപദേശ സംക്ഷേപം.

ഒമ്പതുമായ അച്ചടി! ഇരുമ്പായ വില!!

ഒന്നാം രണ്ടാം മൂന്നാം ഭാഗങ്ങൾ

ക്രിസ്തീയ വേദോപദേശത്തിന്റെ മൂന്നു ഭാഗങ്ങൾ ഒന്നിച്ചു ചേർത്ത് അച്ചടിച്ചിട്ടുള്ളതും പുതുമയായതുമായ സംബന്ധമായ ഒട്ടനേകം മനോഹര പടങ്ങൾ ഉള്ളതുമായ ഈ പുസ്തകത്തിനൊത്ത വേറൊന്ന് ഇതേവരെ അരുപ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ബ്ര. ഗ്രൂർയുടെ മെത്രാൻ വാൽ തിരുനസ്സിലെ പ്രത്യേകാംഗീകരണത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈയിടെ ജർമ്മനിയിൽ നിന്നും വന്നിട്ടുള്ള പല വലിപ്പത്തിലുള്ള മനോഹരങ്ങളായ ചിത്രപടങ്ങളും വില്ക്കുന്നുണ്ട്. അവശ്യക്കാർതാഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കണം. സെന്റ് സിബാസ്റ്റ്യൻ ബുക്കഡിപ്പോ, ചങ്ങനാശേരി.

Printed and published by Rev. Fr. M. Alakalam,
At the St. Joseph's Orphanage Press, Changanacherry.